2013 SEPTEMBER | Vol.12 | Issue 9 | ₹15

# കെയ്റോസ്





## കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ
## സെപ്ററംബർ 8

### ഒരു പിറന്നാൾ സമ്മാനം അമ്മക്ക് കാഴ്ച വയ്ക്കാം.

"എല്ലാ ദിവസവും കന്യകാമറിയത്തിന്റെ സംരക്ഷണം നമുക്കുണ്ട്.
നമ്മൾ അവിടുത്തെ മക്കളായിരിക്കാൻ താത്പര്യം പ്രകടിപ്പിക്കുമ്പോൾ
അവിടുന്ന് നമ്മുടെ അമ്മയായിരിക്കാൻ അതീവ തത്പരയായിരിക്കും."

*(വി. വിൻസന്റ് ഡി പോൾ)*

*Painting: The Virgin Mary in Prayer. Artist: Albrecht Durer. Gallery: Staatliche Museum, Berlin*

*Prepared by Anisha V.J.*

## എഡിറ്റോറിയൽ

# അർഥപൂർണമായ ഒരു ഒത്തുചേരൽ

കേരളത്തിലെ ജീസസ്‌യൂത്ത് മഹത്തായൊരു സമ്മേളനത്തിന്റെ ഒരുക്കനാളുകളിലാണ്. സെപ്റ്റംബർ 13-16 തീയതികളിൽ ഇരിങ്ങാലക്കുടയിൽവച്ചാണ് ഏതാണ്ട് 5000 പേർ പങ്കെടുക്കുമെന്ന് കരുതപ്പെടുന്ന ഒത്തുചേരൽ. 2010 ഡിസംബറിൽ നടന്ന ജൂബിലി കോൺഫറൻസിനുശേഷം നടക്കുന്ന ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ സമ്മേളനമാണിത്.

ആഗോളസഭ വിശ്വാസവർഷം ആചരിക്കുന്ന പശ്ചാത്തലത്തിലാണ് 'ഫെയ്ത് കോൺഫറൻസ്' എന്നുപേരുള്ള ഒത്തുചേരൽ. ബനഡിക്ട് 16-ാമൻ മാർപാപ്പ ആഹ്വാനം ചെയ്തതുപോലെ വിശ്വാസം അറിയാനും ജീവിക്കാനും പങ്കുവയ്ക്കാനും യുവജനങ്ങളെ തയാറാക്കുക എന്ന ലക്ഷ്യത്തോടെ പന്ത്രണ്ട് ഫെയ്ത് കോൺഫറൻസുകളാണ് രാജ്യമെമ്പാടും നടക്കുന്നത്. കർണാടക, ബിജാൻ (ജാർഖണ്ഡ്), വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ഗോവ-മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, നോർത്ത്-ആഗ്ര, ഗുജറാത്ത് എന്നീ കോൺഫറൻസുകൾ നടന്നുകഴിഞ്ഞു. പത്താമത്തെ സമ്മേളനമാണ് ഇരിങ്ങാലക്കുടയിൽ നടക്കുന്നത്. തമിഴ്‌നാട്ടിലും ഛത്തീസ്ഗഢിലും 'വിശ്വാസസമ്മേളനങ്ങൾ' നടക്കാനിരിക്കുന്നു.

2012 ഒക്ടോബറിലെ വിശ്വാസവർഷത്തിന്റെ തുടക്കംമുതൽ 'യുവജന മതബോധനഗ്രന്ഥം' (യൂ ക്യാറ്റ്) വിശദമായി പഠിക്കാനുള്ള പരിശ്രമത്തിലാണ് ധാരാളം യുവജനങ്ങൾ. വിശ്വാസവഴിയിൽ നമ്മുടെ മുമ്പേ മാതൃകയായി കടന്നുപോയ ഓരോ വിശുദ്ധരെക്കുറിച്ചും ഓരോ മാസവും പഠിക്കുന്നു. ഇവയുൾപ്പെടെ ആറിന പദ്ധതിയുമായാണ് ജീസസ്‌യൂത്ത് വിശ്വാസവർഷത്തെ അർഥപൂർണമാക്കുന്നത്. സഭയുടെ നെടുംതൂണുകളായ വൈദികർക്കുവേണ്ടി പ്രത്യേകമായി പ്രാർഥിക്കുക, തങ്ങൾക്കോരോരുത്തർക്കും വൈദഗ്ധ്യമുള്ള മേഖലകളിൽനി



ന്നും ഒരു വിശ്വാസ സമ്മാനം നൽകുക, മറ്റൊരു വ്യക്തിയുടെ വിശ്വാസവളർച്ചയിൽ കൂടെ നടക്കുക, സഹായിക്കുക, മറ്റുള്ളവരോട് ജീവിതസാക്ഷ്യം അറിയിക്കുക എന്നിവയാണ് ആറിന പരിപാടിയിലെ മറ്റിനങ്ങൾ. വിശ്വാസവർഷത്തിന്റെ ചൈതന്യം തങ്ങളിലും മറ്റുള്ളവരിലും പടർത്താൻ പര്യാപ്തമാണീ പദ്ധതികൾ എന്നതിൽ സംശയമില്ല. ഇത്തരത്തിൽ ഏറ്റെടുക്കുന്ന കാര്യങ്ങളോടുള്ള പ്രതിബദ്ധതയും സഭയോടുള്ള കലർപ്പില്ലാത്ത സ്നേഹവുമായിരിക്കണം കേരളമണ്ണിൽ തുടക്കമിട്ട ജീസസ് യൂത്ത് മുന്നേറ്റത്തെ ഇന്ന് മുപ്പതിലധികം രാജ്യങ്ങളിൽ സജീവസാന്നിധ്യമാക്കിയിരിക്കുന്നത്.

1985-ലെ യുവജനസമ്മേളനം- ജീസസ് യൂത്ത്-85 വലിയൊരു തുടക്കമായി. പിന്നീട് നടന്നിട്ടുള്ള ഓരോ ഒത്തുചേരലുകളും ജീസസ്‌യൂത്തിന്റെ മുന്നോട്ടുള്ള വഴികളിൽ വ്യക്തത പകർന്നവയാണ്. 1987-ലെയും 1997-ലെയും കോൺഫറൻസുകൾ, സുവിശേഷം അറിയിക്കുക എന്നതാണ് ജീസസ്‌യൂത്തിന്റെ ദൗത്യം എന്ന് അടിവരയിട്ടുറപ്പിച്ചതാണ്. "ഞാൻ നിങ്ങളെ പടിപടിയായി നയിക്കും" എന്ന കർത്തൃസന്ദേശത്തിന്റെ പൊരുൾ ജീസസ്‌യൂത്ത് ഓരോ നാളിലും കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. 2013-ലെ കോൺഫറൻസ് ഏതൊക്കെ പുതുവഴികളിലേക്കാണ് ജീസസ്‌യൂത്തിനെ നയിക്കാൻ പോകുന്നത് എന്ന ആകാംക്ഷയോടെയാണ് ഓരോ ജീസസ് യൂത്തും കാത്തിരിക്കുന്നത്. കർത്താവ് നട്ടുവളർത്തിയ ഈ മുന്തിരിവള്ളി മുഴുവൻ യുവജനങ്ങളുടെയും, കൗമാരക്കാരുടെയും സഭയുടെ ആകെത്തന്നെയും നന്മയും ചൈതന്യവുമാകട്ടെ. ദൈവത്തിന്റെ കരുതലുള്ള കരങ്ങളുടെ കൃപയുടെ തണലിൽ ഈ മുന്നേറ്റം വളരട്ടെ. ദൈവരാജ്യത്തിന്റെയും സഭയുടെയും നന്മയിലും വളർച്ചയിലും പങ്കാളികളാവുന്ന ഏവർക്കും കെയ്റോസിന്റെ ആശംസകൾ.

*സ്നേഹപൂർവം,* ***ചാക്കോച്ചൻ ഞാവള്ളിൽ***

*kairosmag@gmail.com*

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 – 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ 180 | അഞ്ചു വർഷത്തേക്ക് ₹ 800 | വിദേശത്തേക്ക് ₹ 1500 (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991; പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142; എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513; അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയീസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജിബാബു മമ്പള്ളിൽ** 9447742672; ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9645869036

കവർ ഇല്ലസ്ട്രേഷൻ **വെങ്കി** 9895069109; ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

കത്തുകൾ

# കവർസ്റ്റോറി ഗംഭീരം

പ്രിയ എഡിറ്റർ,

ഓഗസ്റ്റ് മാസത്തിലെ കെയ്റോസിന്റെ കവർസ്റ്റോറി ഏറെ മനോഹരമായിരുന്നു. ഏറ്റവും ശരിയായ സമയത്താണ് അത് കൊടുത്തത്. വാർത്തകേട്ട് വട്ടായിപ്പോ കാതിരിക്കാൻ എന്ന തലക്കെട്ടും ലേഖനവും അതിമനോഹരമായി. ലേഖനവും അതിലെ പടവുംകണ്ട് ഒത്തിരി ചിരിച്ചു. ടെലിവിഷൻ വാർത്താചാനലുകളിലെ ശരിയും തെറ്റുമായ പൊട്ടത്തരങ്ങൾ കണ്ട് തല മരയ്ക്കുന്ന ഒരു പ്രേക്ഷകന്റെ യഥാർഥ ചിത്രമാണത്. അതോടൊപ്പം ടെലിവിഷനിലെ നല്ല പ്രോഗ്രാമുകളെക്കുറിച്ചുള്ള വിവരണം കൊടുത്തതും നന്നായി.

റിയാലിറ്റി ഷോകളുടെ കാര്യം പറഞ്ഞാൽ, കഷ്ടം തന്നെ. ചാനലിനു കിട്ടുന്ന വരുമാനത്തിന്റെ നൂറിലൊന്നുപോലും വേണ്ടി വരില്ലല്ലോ 'പാവപ്പെട്ട' അവതാരകമാർക്ക് മാന്യമായ വസ്ത്രം വാങ്ങികൊടുക്കാൻ.

*പ്രവീൺ പ്രതാപ്*

**കെയ്റോസ് റിട്രീറ്റ്**
ഒക്ടോബർ 10-13
നവംബർ 7-10
ഡിസംബർ 12-15
ഫോൺ: 9048322525

facebook
കെയ്റോസ് വിശേഷങ്ങൾ ഓരോദിവസവും അറിയാനും വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും **facebook.com/Readkairos** ലൈക്ക് ചെയ്യുക.



പ്രിയ സുഹൃത്തുക്കളെ, മറ്റുള്ളവർക്ക് വേണ്ടി നിങ്ങൾക്കു ചെയ്യാനാകുന്ന സ്നേഹത്തിന്റെ ആദ്യത്തെ പ്രവൃത്തി, നമ്മുടെ പ്രത്യാശയുടെ ഉറവിടം അവരുമായി പങ്കുവയ്ക്കുക എന്നതാണ്. അവർക്ക് ദൈവത്തെ കൊടുക്കുന്നില്ലെങ്കിൽ, വളരെ കുറച്ചു മാത്രമേ നാം പങ്കുവയ്ക്കുന്നുള്ളു!

നിങ്ങളുടെ പ്രായത്തിലുള്ളവരോട് ക്രിസ്തുവുമായി ഒരു 'കൂടിക്കാഴ്ച' നിർദേശിക്കുന്നതിൽ ഭയപ്പെടരുത്. പരിശുദ്ധാത്മാവിനോട് സഹായമപേക്ഷിക്കുക. ക്രിസ്തുവിന്റെ സ്നേഹത്തെ പൂർണമായി അറിയുന്നതിനും ക്രിയാത്മകമായ സുവിശേഷവത്ക്കരണത്തിനും ആത്മാവു നിങ്ങളെ വഴികാട്ടും.

*പോപ്പ് ഫ്രാൻസിസ് ലോക യുവജന സമ്മേളനത്തിൽ*

# ബ്രസീലിലെ ആഗോള യുവജന സമ്മേളനത്തിൽ ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട് സംസാരിക്കുന്നു:

(തയാറാക്കിയത് അഞ്ജു റോസ് ജോയ്)

ഇക്കാര്യം നമുക്കെപ്പോഴും ഓർത്തുവയ്ക്കാം; പങ്കു വയ്ക്കാൻ സാധിക്കുമ്പോഴാണ് നാം യഥാർഥത്തിൽ സമ്പന്നരായിത്തീരുന്നത്. എന്തെന്നാൽ, പങ്കുവയ്ക്കപ്പെടുന്നവ എല്ലാം ഇരട്ടിക്കുന്നു.



ഒരുവൻ മുട്ടിൻമേൽ നിന്നുകൊണ്ടു നിർവഹിക്കുന്നതാണ് സുവിശേഷപ്രഘോഷണം.

പ്രിയ യുവജനമേ ക്രിസ്തുവിന്റെ യഥാർഥ "കായികാഭ്യാസികളാ"വുക! അവന്റെ സംഘത്തിൽ കളിക്കുക. (Dear young people, be true "athletes of Christ"! Play on his team!)

സഭയ്ക്കു വേണം നിങ്ങളെ, നിങ്ങളുടെ ഉൽസാഹത്തെ, നിങ്ങൾക്കുള്ള ക്രിയാത്മകതയെ, നിങ്ങളിലെ സവിശേഷമായ ആനന്ദത്തെ...

ക്രിസ്തു നമ്മെ എവിടേയ്ക്കാണ് അയയ്ക്കുക? അതിന് അതിരുകളും പരിധികളും ഇല്ല. അവൻ നമ്മെ എല്ലാവരിലേക്കുമാണ് അയയ്ക്കുന്നത്.

യുവാവായ ക്രിസ്തുവിന്റെ മുഖം നിങ്ങളിൽ ദർശിക്കുമ്പോൾ ആനന്ദത്താൽ ഞാൻ നിറയുകയാണ്.



ചെറുതോ വലുതോ ആയിക്കൊള്ളട്ടെ ക്രിസ്തു ഭാഗഭാക്കാകാത്ത ഒരു കുരിശും നമ്മുടെ ജീവിതത്തിലില്ല.

നിഷേധാത്മക വികാരങ്ങൾ (feelings) നമ്മിലെ ദൈവവചനത്തെ ഞെരുക്കുന്നു.

ദൈവത്തോടുള്ള സുസ്ഥിരമായ ബന്ധത്തിന്റെ അഭാവത്തിൽ മിഷൻ (ദൗത്യം) എന്നത് 'ജോലി' ആയിത്തീരുന്നു.

നാം ഈശോയിലേക്ക് നോക്കുകയാണെങ്കിൽ, തന്റെ ഓരോ പ്രധാനപ്പെട്ട തീരുമാനത്തിനും സംഭവങ്ങൾക്കും മുമ്പ് സുദീർഘവും തീക്ഷ്ണവുമായ പ്രാർഥനയിൽ അവൻ സ്വയം പരിചിന്തനം നടത്തിയെന്ന് നമുക്ക് കാണാൻ സാധിക്കും. കൂടുതൽ അടിയന്തരവും, ഭാരപ്പെടുത്തുന്നതുമായ കടമകളുടെ ചുഴലിക്കാറ്റിൽപ്പോലും ധ്യാനനിഷ്ഠയുടെ വ്യാപ്തി വളർത്താൻ നമുക്കാവട്ടെ. നിലനിൽപിന്റെ തന്നെ അതിരുകളിലേക്ക് പോകാൻ മിഷൻ ദൗത്യം ആവശ്യപ്പെടുന്ന വേളയിൽ, കരുണയും സ്നേഹവും നിറയുന്ന ക്രിസ്തുഹൃദയത്തോട് നിന്റെ ഹൃദയം കൂടുതൽ ഐക്യപ്പെടട്ടെ.



നാം കടന്നു ചെല്ലേണ്ട 'ദേശങ്ങൾ' ലോകത്തിലെ മറ്റു രാജ്യങ്ങൾ മാത്രമല്ല. കുടുംബങ്ങളും, സമൂഹങ്ങളും, വിദ്യാലയങ്ങളും, ജോലിസ്ഥലവും, സുഹൃദ് സംഘങ്ങളും, നാം ഒഴിവുസമയം ചെലവഴിക്കുന്ന ഇടങ്ങളും ഉൾപ്പെടുന്ന നമ്മുടെ ജീവിതത്തിലെ തന്നെ വ്യത്യസ്തമായ സാഹചര്യങ്ങൾ കൂടിയാണ്. സുവിശേഷത്തിന്റെ ആനന്ദകരമായ പ്രഘോഷണം, ഒന്നൊഴിയാതെ ജീവിതത്തിന്റെ സമസ്ത മേഖലകൾക്കും വേണ്ടിയുള്ളതാണ്.

അൽപം കൂടി നീതിയും സഹാനുഭാവവുമുള്ള ഒരു ലോകത്തിനു വേണ്ടി യത്നിക്കുന്നതിൽ നിങ്ങൾക്ക് മടുപ്പ് തോന്നരുത്. *(സാമൂഹിക നീതിയെക്കുറിച്ച് സംസാരിച്ചത്)*

ഞാൻ നിങ്ങളോടാവശ്യപ്പെടുന്നത്, വിപ്ലവകാരികളാവുന്നതിനു പകരം ഒഴുക്കിനെതിരെ നീന്തുന്നവരാകുവാനാണ്. (I ask you, instead, to be revolutionaries, to swim against the tide) അതേ, ഞാൻ നിങ്ങളോടാവശ്യപ്പെടുക, എല്ലാത്തിനെയും താത്ക്കാലികമായി കാണുന്ന, നിങ്ങൾ ഉത്തരവാദിത്വമേറ്റെടുക്കാൻ കഴിവില്ലാത്തവരാണെന്നും യഥാർഥ സ്നേഹം നിങ്ങൾക്ക് അപ്രാപ്യമാണെന്നും ആത്യന്തികമായി വിശ്വസിക്കുന്ന ഈ സംസ്കാരത്തെ എതിർക്കുവാനാണ്.

ഒരു സമൂഹത്തിന്റെ മഹനീയതയുടെ അളവുകോൽ, അഗതികളോടും, തങ്ങളുടെ ദാരിദ്ര്യമല്ലാതെ മറ്റൊന്നും അവകാശപ്പെടാനില്ലാത്തവരോടും എങ്ങനെ പെരുമാറുന്നു എന്നതിലാണ് കണ്ടെത്തുക. *(റിയോയിലെ ഒരു തെരുവിൽ വച്ച്)*



സ്നേഹവും, ക്ഷമയും, മനസ്സിലാക്കലും ആവശ്യമായ 'മുറിവേറ്റവരുടെ' ലോകത്തിന്റെ ഭാഗമാകാൻ, കരുണയില്ലാതെ നിങ്ങൾക്ക് സാധ്യമല്ല.

ഇക്കാര്യം ഉറപ്പുതരാം: എന്റെ ഇടയഹൃദയം, (pastoral heart) സാർവത്രികമായ സ്നേഹത്താൽ നിങ്ങളെ എല്ലാവരെയും ആശ്ലേഷിക്കുന്നു.

ഒരു പൂർണചിത്രം കാണുവാനുള്ള തിടുക്കത്തിൽ നിങ്ങൾ അക്ഷമരാകുകയും ഉത്കണ്ഠപ്പെടുകയും ചെയ്യുന്നു. എന്നാൽ സാവധാനത്തിൽ, നിശ്ശബ്ദമായി മാത്രമേ ദൈവം നമുക്ക് കാര്യങ്ങൾ കാണിച്ചു തരികയുള്ളൂ.

'ക്രിസ്തുവിനെ ധരിക്കുക', നിങ്ങളുടെ ജീവിതം അവന്റെ സ്നേഹത്താൽ പൂരിതമാകും; ഫലദായകമായ ജീവിതമായിരിക്കുമത്.

സഹിക്കുന്ന ഓരോ സഹോദരനെയും സഹോദരിയെയും ആലിംഗനം ചെയ്യുമ്പോൾ പീഡകളേറ്റ ക്രിസ്തുവിന്റെ ശരീരത്തെയാണ് നിങ്ങൾ ആശ്ലേഷിക്കുന്നത്. *(റിയോയിലെ സെൻ. ഫ്രാൻസിസ് അസ്സീസി ആശുപത്രി ജീവനക്കാരെയും രോഗികളെയും സന്ദർശിച്ച വേളയിൽ)*

അനുഭവം

സണ്ണി കോക്കാപ്പിള്ളിൽ

# അതൊന്നും മറക്കാൻ അത്ര എളുപ്പമല്ല

'ഇനി ഞാൻ എന്താണ് ചെയ്യേണ്ടത്? സോണിയയ്ക്ക് ഈ ചോദ്യത്തിന് ഉത്തരം കിട്ടിയേ പറ്റൂ. മറ്റുപലരും ചെയ്യുന്നതേ താനും ചെയ്തിട്ടുള്ളൂ. പക്ഷേ, തനിക്കു മാത്രമെന്താണ് ഇങ്ങനെയൊക്കെ? ബിരുദാനന്തരബിരുദം മികച്ച രീതിയിൽ പൂർത്തിയാക്കിയിട്ടും ഒരു ജോലിക്കു ശ്രമിക്കാൻ വീട്ടിൽ സമ്മതിക്കുന്നില്ല. ഉടൻ തന്നെ വിവാഹം നടത്തണം പോലും! ഇനി എങ്ങനെയാണ് മറ്റൊരാളെ മനസ്സിലേയ്ക്കു കൊണ്ടുവരാൻ കഴിയുന്നത്? അത് ആ വ്യക്തിയോടു ചെയ്യുന്ന ദ്രോഹമല്ലേ?

ഒന്നും ആഗ്രഹിച്ചിരുന്നതല്ല. ബിരുദക്ലാസ്സിൽ മിക്കവർക്കും ഫ്രണ്ട്സുണ്ടായിരുന്നു. എല്ലാക്കാര്യങ്ങളും വീട്ടുകാരോടു തുറന്നുപറയാൻ പറ്റുമോ? പെൺകുട്ടികളോടു മാത്രമേ സുഹൃദ്ബന്ധം പാടുള്ളുവെന്നത് അറുപഴഞ്ചൻ രീതിയാണ്. ഇപ്പോൾ എതിർ ലിംഗത്തിലുള്ളവരെയാണു പഥ്യം. അതിനൊരു 'ത്രില്ലുണ്ട്'. അതും അന്യമതത്തിൽപെട്ടയാളാകുമ്പോൾ ആകാംക്ഷയും കൂടും. ആ ബന്ധത്തിൽ കൂടുതൽ പുതുമകളുണ്ടാകും. മനുഷ്യൻ എപ്പോഴും പുതിയ ശൈലികളും രീതികളും ആഗ്രഹിക്കുന്നു. മനസ്സിലെ നൊമ്പരങ്ങൾക്കും പിരിമുറുക്കങ്ങൾക്കും ആശ്വാസം കിട്ടണം, അയവുവരണം.



പ്രദീപ് വളരെ നല്ല സുഹൃത്താണ്. നന്നായി പെരുമാറാനറിയാം. ഒരു തൊട്ടാവാടിയാണ്. ഒരു ദിവസം വിശേഷങ്ങൾ പങ്കുവച്ചില്ലെങ്കിൽ വാടിപ്പോകും. സാരമില്ല; ഒന്നും വിധിച്ചിട്ടില്ലായെന്നു കരുതാം. വീട്ടുകാർ എല്ലാം തീരുമാനിക്കട്ടെ. പക്ഷേ, മനസ്സിൽ നിന്നും അങ്ങനെയങ്ങു പറിച്ചുകളയാൻ പറ്റുമോ? ആവതു ശ്രമിച്ചുനോക്കി. ഒക്കെ വളരെ എളുപ്പമാണെന്നു കരുതി. ശ്രമിക്കുന്തോറും പ്രയാസം വർധിക്കുന്നു. വീട്ടുകാർ വിവാഹാലോചനകളുടെ തിരക്കിലാണ്. രണ്ടുമൂന്ന് ആഴ്ചകൾക്കുള്ളിൽ ഏതെങ്കിലും ഒരാലോചന ഉറപ്പിക്കും. ഒരു ധ്യാനം കൂടിയാൽ ശരിയാകുമെന്നു വിശ്വസിച്ചു. എന്നിട്ടും ഒരു തീരുമാനമെടുക്കാൻ പറ്റുന്നില്ല'.

സോണിയയ്ക്ക് ഒരുപാടു കാര്യങ്ങൾ വിശദീകരിക്കാനുണ്ട്. കൂട്ടുകാരികളൊക്കെ ഓരോരുത്തരെ കണ്ടുപിടിച്ചപ്പോൾ വെറുതെ ഒരു രസത്തിന് പ്രദീപിനെ സുഹൃത്താക്കിയതാണ്. ഓരോ ദിവസവും വിശേഷങ്ങൾ ഒരുപാടു കൈമാറി. വിളികൾക്കും എസ്.എം.എസുകൾക്കും വേണ്ടി ബി.എസ്.എൻ.എൽ നൽകുന്ന എല്ലാ ഓഫറുകളും പരമാവധി ഉപയോഗപ്പെടുത്തി. മനസ്സു മനസ്സോടു ചേർന്ന നാളുകൾ. തികച്ചും സന്തോഷഭരിതമായ കാലം. തന്നെ ശ്രദ്ധിക്കാനും മനസ്സിലാക്കാനുമൊരാളുണ്ട്. അതൊരു പ്രത്യാശയാണ്. പ്രത്യാശ ലക്ഷ്യത്തിലേക്കു നയിക്കുമെന്നു കരുതി. ഓരോ ദിവസവും സൂര്യൻ കിഴക്കുദിക്കുന്നത് തങ്ങൾക്കു വേണ്ടിയാണെന്നു പ്രതീക്ഷിച്ചു. എങ്കിലും, ഇങ്ങനെയൊക്കെ

കുരുക്കിൽപെടുമെന്ന് സ്വപ്നത്തിൽ പോലും ചിന്തിച്ചില്ല.

പി.ജി.യുടെ അവസാന സെമസ്റ്റർ തീരാൻ രണ്ടു മാസമുള്ളപ്പോഴാണ് ദല്ലാൾ മുഖേന ഒരു വിവാഹാലോചന വരുന്നത്. വീട്ടുകാർക്കത് നന്നേ ബോധിച്ചു. ഇനി ജോലിക്കൊന്നും പോകണ്ട, വിവാഹം നടത്താമെന്ന് മാതാപിതാക്കൾ തീരുമാനമെടുത്തു. വിവാഹം ഉറപ്പിക്കുമെന്ന ഘട്ടം വന്നപ്പോൾ സോണിയ പ്രദീപുമായുള്ള ബന്ധം വെളിപ്പെടുത്തി. അവർക്കതൊരു ഷോക്കായിരുന്നു. വെറുമൊരു ഫ്രണ്ടായി കരുതിയ ആൾ തന്റെ ജീവിതത്തെ ഇത്രയധികം സ്വാധീനിക്കുമെന്നു സോണിയയും വിചാരിച്ചില്ല. യാതൊരു കാണവശാലും ഇത്തരമൊരു ബന്ധത്തെ അംഗീകരിക്കില്ലെന്ന് വീട്ടുകാർ പറഞ്ഞു. യഥാർഥത്തിൽ, ഇപ്പോൾ ഒരു തരം വീട്ടുതടങ്കലിലാണ്. തനിച്ച് എങ്ങോട്ടും പോകാൻ സമ്മതിക്കുന്നില്ല.


ഇനിപുതിയൊരാൾജീവിതത്തിലേക്കുകടന്നുവരുമ്പോൾ ആത്മാർഥമായി അയാളെ സ്നേഹിക്കാൻ കഴിയുമോ? മധുരിക്കുന്ന കുറെ ഓർമകളെ മനസ്സിൽ താലോലിച്ചുകൊണ്ട് ജീവിതം അഭിനയിച്ചു തീർക്കേണ്ടിവരില്ലേ? അതൊരു വഞ്ചനയാകില്ലേ? മാതാപിതാക്കളെ അനുസരിക്കാതിരിക്കുന്നതൊരു തെറ്റ്. സ്നേഹിച്ചയാളെ വഞ്ചിക്കുന്നതു മറ്റൊരു തെറ്റ്. ആദ്യവ്യക്തിയെ മറക്കാതെ മറ്റൊരാളെ വിവാഹം ചെയ്യുന്നത് വേറൊരു തെറ്റ്.

വെറും സൗഹൃദമെന്നു കരുതിയത് പ്രണയത്തിലേക്കു വഴിമാറാതെ നോക്കാമായിരുന്നില്ലേ? ഭാവിയിൽ അനേകം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമെന്ന് മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നുവെങ്കിൽ! ബന്ധങ്ങളെ ലാഘവത്തോടെ കാണുമ്പോൾ സ്വന്തം ജീവിതത്തെത്തന്നെയാണ് പന്താടുന്നതെന്ന് ഓർമിക്കണമായിരുന്നു. ഏതൊരു ജോലിക്കും നല്ലരീതിയിൽ ഒരുക്കമാവശ്യമുണ്ട്. വർഷങ്ങളോളം പഠനം നടത്തിയിട്ടാണ് ഏതൊരു ജോലിക്കും ആളുകൾ പ്രവേശിക്കുന്നത്. എന്നാൽ വിവാഹജീവിതത്തിന്, അതും ജീവിതകാലം മുഴുവനും ബാധ്യത ഏറ്റെടുക്കേണ്ട സുപ്രധാനമായ ഒരു കാര്യത്തിനുവേണ്ടി യാതൊരുവിധ തയ്യാറെടുപ്പുകളും നടത്താതെ ആളുകൾ നിസ്സാരമായി കരുതുന്നു. വിട്ടുവീഴ്ചയും അനുരഞ്ജനവും ത്യാഗവും സമർപ്പണവും സ്വയംദാനവുമൊക്കെ ഇഴുകിച്ചേരുന്ന ഒന്നാണ് വിവാഹജീവിതമെന്നു മനസ്സിലാക്കാതെ നിയമവിധേയനേയുള്ള ശാരീരികാഭിലാഷങ്ങളുടെ കൂടിച്ചേരൽ മാത്രം ലക്ഷ്യമാക്കി വിവാഹത്തെ സമീപിക്കുന്നവർക്ക് സോണിയ അനുഭവിക്കുന്ന മാനസികാവസ്ഥയിലൂടെ കടന്നുപോകേണ്ടിവരും.

എല്ലാം മറക്കാമെന്നു പറയുന്നത് മൗഢ്യമാണ്. താത്കാലിക സുഖത്തിനുവേണ്ടി മേലുകീഴു നോക്കാതെ ബന്ധങ്ങളെ പണിതുയർത്തുമ്പോൾ പലരും സ്വന്തം ജിവിതത്തെതന്നെയാണു പന്താടുന്നത്. പുതിയൊരു ബന്ധം അനേകം ബന്ധങ്ങളിലേക്കുള്ള തുറവിയായിരിക്കണം. അതിനുപകരം ഉള്ള ബന്ധങ്ങളെക്കൂടി ശിഥിലമാക്കാനാണ് അതു കാരണമാകുന്നതെങ്കിൽ അതിൽത്തന്നെ അപൂർണത ദൃശ്യമാകുന്നു. ഈ വിധത്തിൽ അപൂർണതയിലേക്കുള്ള ചുവടുവയ്പുകളാണ് അപക്വമായ ബന്ധങ്ങളിലൂടെ പലരും ഏറ്റുവാങ്ങുന്നത്. അതിനുശേഷം, പിന്നീടിരുന്ന് കരയാൻ മാത്രം വിധിക്കപ്പെടുന്നു.

*'മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു; അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ' (സുഭാ 16:1)* ■




Jesus Youth
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH
THE
FAITH
CONFERENCE
13-16 SEPT 2013*
KERALA REGION
KNOW THE FAITH
LIVE THE FAITH
SHARE THE FAITH
"... without faith it is impossible to please Him.
For whoever would draw near to God must believe
that He exists and that He rewards those who seek Him."
HEBREWS 11:6
VENUE
Christ Vidya Niketan ICSE School,
Irinjalakuda, Kerala
12 CONFERENCES - 1 THEME
PROGRAMS IN MULTIPLE STREAMS
FAITH EXHIBITIONS
CHOICE BASED SEMINARS
FAITH BOOTHS
... AND MORE
* Starts 5pm on 13 Sept. and concludes 9:30pm on 16 Sept.
YEAR OF FAITH

# വിശ്വാസത്തിന്റെ പ്രഭാപൂരമായി ഫെയ്ത് കോൺഫറൻസ്

കവർസ്റ്റോറി

ജോയിഷ് ജോർജ്



2010-ൽ നടന്ന ജൂബിലി കോൺഫറൻസിനുശേഷം, കേരളത്തിലെ ജീസസ്‌യൂത്ത് ലീഡേഴ്സിന്റെ ബൃഹത്തായൊരു ഒത്തുചേരൽ നടക്കുകയാണ്. 2013 സെപ്റ്റംബർ 13 വെള്ളി വൈകുന്നേരം 5.00 മുതൽ 16 തിങ്കൾ വൈകിട്ട് 9.30 വരെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതൻ സ്കൂളിലാണ് ഇരുപത്തിമൂന്നു സോണുകളിൽ നിന്നായി അയ്യായിരത്തോളംപേർ ഫെയ്ത് കോൺഫറൻസിനായി എത്തിച്ചേരുന്നത്. യൂത്ത്, ഫാമിലി, ടീൻസ്, പ്രീ-ടീൻസ്, കിഡ്സ് എന്നിങ്ങനെ വ്യത്യസ്ത സ്ട്രീമുകളിലായിരിക്കും പ്രോഗ്രാം. ഇരിങ്ങാലക്കുട രൂപതാ മെത്രാൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ കോൺഫറൻസ് ഉദ്ഘാടനം ചെയ്യും.

## രാജനും കൂട്ടുകാരും ഉൽസാഹത്തിലാണ്

ഇരിങ്ങാലക്കുട സോൺ ജീസസ് യൂത്തിന്റെ മുൻ കോ-ഓർഡിനേറ്ററായ രാജൻ ജോസഫാണ് കോൺഫറൻസിന്റെ മുഴുവൻ കാര്യങ്ങൾക്കും ചുക്കാൻ പിടിക്കുന്നത്. അൻപതോളം മിനിസ്ട്രികളിൽ മുന്നൂറിലധികം ലീഡേഴ്സ് അനേകം ദിവസങ്ങളായി ഇതിനുള്ള ഒരുക്കത്തിലാണ്. ഇരിങ്ങാലക്കുട രൂപത വികാരി ജനറാളായ മോൺസിഞ്ഞോർ ഡേവിഡ് അമ്പൂക്കാരൻ ഫെയ്ത് കോൺഫറൻസ് ഓഫിസ് ഉദ്ഘാടനം ചെയ്തു. എല്ലാ ദിവസവും വൈകുന്നേരം 7.00 മുതൽ 7.30 വരെ അവിടെ പൊതുവായ പ്രാർഥന നടക്കുന്നു. മണിക്കൂറുകൾ നീളുന്ന ആലോചനാമീറ്റിങ്ങുകൾ ഓഫിസിലെ പതിവുകാഴ്ചയാണ്.

## നിരന്തരം ഉയരുന്ന പ്രാർഥനാസങ്കീർത്തനങ്ങൾ

ഫെയ്ത് കോൺഫറൻസിന്റെ പൊതുവായ മധ്യസ്ഥപ്രാർഥന വിശ്വാസപ്രമാണമാണ്. ഈശോയുടെ തിരുമുഖത്തിന്റെ മറുപുറത്തായി അത് അച്ചടിച്ച ഒരു പ്രാർഥനാ കാർഡ് എല്ലാവരുടെയും കൈയിൽ കാണാം. ഓരോരുത്തരും സങ്കീർത്തനങ്ങൾ, ചൊല്ലി ദിവസവും പ്രാർഥിക്കുന്നതാണ് മറ്റൊരു പ്രധാനരീതി. ജൂലൈ 26 കേരളത്തിലെ ജീസസ്‌യൂത്ത് കോൺഫറൻസിനായിപൊതു ഉപവാസദിനമായി ആചരിച്ചിരുന്നു. എല്ലാ സോണുകളിലും വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും വെഞ്ചരിച്ച ചിത്രങ്ങൾ മധ്യസ്ഥ പ്രാർഥനയ്ക്കായി എത്തിച്ചിട്ടുണ്ട്. ആഗസ്റ്റ് 15 മുതൽ കോൺഫറൻസിന്റെ ദിവസങ്ങൾ വരെ ക്രൈസ്റ്റ് വിദ്യാനികേതനിൽ പ്രത്യേകം ഒരുക്കിയ സ്ഥലത്ത് ഇരുപത്തിനാലുമണിക്കൂർ ദിവ്യകാരുണ്യാരാധന നടക്കുന്നു. ലിജോ വടക്കാഞ്ചേരിയും ടീമുമാണ് ഇതിനെല്ലാം നേതൃത്വം വഹിക്കുന്നത്.

## കത്തീഡ്രൽ ഇടവകയിൽ പാരിഷ് ഔട്ട്റീച്ച്

2001-ൽ ജീസസ്‌യൂത്തിന്റെ ഒരു മഹാസംഗമം നടന്നിട്ടുള്ള ഇടവകയാണ് ഇരിങ്ങാലക്കുട കത്തീഡ്രൽപള്ളി. അന്നത്തെ കോൺഫറൻസിന് എല്ലാ പിന്തുണയും സഹായസഹകരണങ്ങളും അവിടെനിന്നു ലഭിച്ചിട്ടുണ്ട്. ഇത്തവണയും സന്തോഷത്തോടെയാണ് ഇടവകവികാരി റവ. ഫാ. ജോബി പുഴേലിപ്പറമ്പിലും കമ്മിറ്റിയംഗങ്ങളും നമ്മെ സ്വാഗതം ചെയ്തത്. ആഗസ്റ്റ് 15-ന് അവിടുത്തെ 3500 വീടുകൾ ജീസസ്‌യൂത്ത് വോളന്റിയേഴ്സ് സന്ദർശിച്ചു. കെയ്റോസ്, ഏയ്ഞ്ചൽസ് ആർമി ബുക്ലെറ്റ്, പ്രെയർകാർഡ് എന്നിവ ഓരോ വീടുകളിലും നൽകി, പ്രാർഥനാപൂർവം ഭവനാംഗങ്ങളോട് വിശേഷങ്ങൾ പങ്കുവയ്ക്കുകയും ഓരോ മരത്തൈ നടുകയും ചെയ്തു. ജീസസ് യൂത്ത് കേരളടീമംഗങ്ങളായ ഇടുക്കി അനീഷും പാലാ ജിൻസും ഇതിനു നേതൃത്വം വഹിച്ചു.

## സിൻജോ ജോലിയുപേക്ഷിച്ചു!

ജീസസ് യൂത്ത് കേരള കോ-ഓർഡിനേറ്ററായ തൃശൂർ സിൻജോയ്ക്ക് ദൈവരാജ്യ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഇറങ്ങിപ്പുറപ്പെടലിൽ ജോലി ഒരു പ്രശ്നമേയല്ല. മുൻപ് സൗത്ത് ഏഷ്യൻ-ജൂബിലി കോൺഫ




റൻസുകൾക്കുവേണ്ടി ജോലിയുപേക്ഷിച്ച്, മാസങ്ങളോളം ഓഫിസ്-ഇൻ-ചാർജായി ശുശ്രൂഷ ചെയ്ത പാരമ്പര്യം ഇത്തവണയും അദ്ദേഹം തുടർന്നു. ഓരോ കമിറ്റ്മെന്റിനും ശേഷം പുതിയ ജോലി കണ്ടെത്തുന്നതിൽ ദൈവത്തിന്റെ കരം തന്റെ കൂടെയുണ്ടെന്ന ഉറച്ച വിശ്വാസമാണ് ഇതിനെല്ലാം ബലമേകുന്നത്. സോഫ്റ്റ്‌വെയർ കമ്പനിയിലെ മാർക്കറ്റിങ് മാനേജരായിരുന്ന സിൻജോ ഒരു മാസത്തോളമായി മുഴുവൻസമയ യാത്രകളിലാണ്. കാസർകോടുമുതൽ നെയ്യാറ്റിൻകര വരെയുള്ള സോണുകളിലെ പല തലമുറകളിൽപെട്ട ജീസസ്‌യൂത്ത് അംഗങ്ങളെ വീടുവീടാന്തരം സന്ദർശിക്കുന്ന തിരക്കിലാണ് കോ-ഓർഡിനേറ്റർ.

## www.kerala.jesusyouth.org-യിൽ തിരക്കിന്റെ നാളുകൾ

ഫെയ്ത് കോൺഫറൻസിന്റെ ഓൺലൈൻ റജിസ്ട്രേഷനുള്ള ലിങ്ക് ഈ വെബ്സൈറ്റിലാണുള്ളത്. തിരുവനന്തപുരം ടെക്നോപാർക്ക് ജീസസ്‌യൂത്താണ് ഇതിനായുള്ള സൗകര്യങ്ങൾ സൗജന്യമായൊരുക്കിയത്. കട്ടപ്പന ബിനോയിയുടെ നേതൃത്വത്തിലുള്ള മൊബലൈസേഷൻ ടീമും തലശേരി ഡെറിന്റെ നേതൃത്വത്തിലുള്ള റജിസ്ട്രേഷൻ ടീമും ജീസസ്‌യൂത്ത് ലീഡേഴ്സിനെ റജിസ്റ്റർ ചെയ്യിക്കാനുള്ള ഉൽസാഹശ്രമങ്ങളിലായിരുന്നു കഴിഞ്ഞദിവസങ്ങളിലെല്ലാം. കുമളി -എറണാകുളം-ഇരിങ്ങാലക്കുട റൂട്ടുകളിൽ വട്ടം കറങ്ങുകയാണ് ജോലിത്തിരക്കിനിടയിലും കേരളാ ജീസസ്‌യൂത്ത് ടീം മെമ്പറായ ബിനോയി പള്ളിയാടി. മെസ്റ്റ് (Medical-Engineering Students Team) സെൻട്രൽ ടീമിന്റെ മുൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായ ഡെറിൻ എൻജിനീയറിംങ് പഠനത്തിനു ശേഷം കോൺഫറൻസിനായി മുഴുവൻസമയവും കമിറ്റ്മെന്റ് എടുത്തിരിക്കുകയാണ്.

## പ്രാർഥിച്ചൊരുങ്ങാൻ വിചിന്തന സഹായികൾ

ഫെയ്ത് കോൺഫറൻസിന്റെ വിചിന്തന സഹായികൾ ഫാമിലി-യൂത്ത് സ്ട്രീമുകളുടെ പ്രോഗ്രാം ടീമുകളാണ് തയാറാക്കിയത്. 'കുടുംബങ്ങൾക്കൊരെഴുത്ത്' എന്ന പ്രബോധനത്തെ ആസ്പദമാക്കി, വിശുദ്ധരുടെ ജീവിതസംഭവങ്ങളും വചനഭാഗങ്ങളും ഉൾപ്പെടുത്തി ഫാമിലിക്കുവേണ്ടിയും അനുദിനജീവിതത്തെക്കുറിച്ചുള്ള ആലോചനകളും വിവിധ പ്രബോധനരേഖകളുടെ ഭാഗങ്ങളുമെല്ലാം കൂട്ടിച്ചേർത്ത് യൂത്തിനുവേണ്ടിയും പ്രിപ്പറേഷൻ മെറ്റീരിയലുകൾ ഒരുക്കിയിരുന്നു.

## 'ഞങ്ങൾ ഡിസ്കഷനിലാണ്'... പ്രോഗ്രാം ടീം

വിവിധ സ്ട്രീമുകളുടെ പ്രോഗ്രാം ടീമുകളിലുള്ളവർ ഏറെ തിരക്കിലായ ദിവസങ്ങളാണിത്. ജോലിക്കും പഠനത്തിനുംശേഷം പലപ്പോഴും രാത്രി വൈകുവോളം അവർ ചർച്ചകളിലാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, യുവജന മതബോധനഗ്രന്ഥം തുടങ്ങിയ സഭാപഠനങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും അവയിലെ പ്രധാനവിഷയങ്ങൾ പലവിധത്തിൽ പഠിക്കാനുള്ള ശ്രമങ്ങൾ കോൺഫറൻസിൽ നടക്കും. ഇൻപുട്ട് സെഷനുകൾ, സെമിനാറുകൾ, ഷെയറിങ്ങുകൾ, ദിവ്യബലികൾ, ദിവ്യകാരുണ്യാരാധനകൾ, എക്സിബിഷൻ, മീഡിയാ പ്രെസന്റേഷനുകൾ, തീയറ്റർ, മ്യൂസിക്, മെറ്റീരിയലുകൾ തുടങ്ങി വിവിധ ഘടകങ്ങളും പ്രകാശന രീതികളും ഫെയ്ത് കോൺഫറൻസിൽ ഉൾപ്പെടുന്നുണ്ട്. ലിയോ ടോം, ജോം, ജിന്റോ, സോണി പി.മാണി, ആലീസ് മാത്യു, ജെറി, അലന്റ്, നോജൻ, അരുൺ ആന്റണി, നിതിൻ, മേരി മാർട്ടിൻ, സുമാ ബെൻസൺ, ഷാർലറ്റ് ബാബു, അഭിലാഷ് എന്നിങ്ങനെ നിരവധിപേർ അഞ്ചു സ്ട്രീമുകളുടെ പ്രോഗ്രാം ടീമുകളിൽ കഠിനാധ്വാനം ചെയ്യുകയാണ് ■



**കവർസ്റ്റോറി**

റവ. ഫാ. ഷിബു സേവ്യർ ഒ.സി.ഡി



# വിശ്വാസവെളിച്ചം
## (Lumen Fidei)

വിശ്വാസവെളിച്ചം (Lumen Fidei) പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ പ്രഥമ ചാക്രികലേഖനം, 2013 ജൂലൈ 5-ന് പ്രസിദ്ധീകരിച്ചു. സാർവത്രികസഭ വിശ്വാസവർഷം ആചരിക്കുന്ന പശ്ചാത്തലത്തിലാണ് വിശ്വാസത്തെക്കുറിച്ച് പത്രോസിന്റെ പിൻഗാമി ചാക്രികലേഖനം പ്രസിദ്ധീകരിച്ചത്. വിശ്വാസവർഷത്തിൽ ദൈവത്തിന്റെ ദാനവും മാനുഷികപ്രവൃത്തിയുമായ വിശ്വാസത്തെ സംബന്ധിച്ച് സഭയുടെ ആധികാരികമായ ഒരു പ്രബോധനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചതുകൊണ്ടാണ് വിശ്വാസവെളിച്ചം എന്ന ചാക്രികലേഖനം തയ്യാറാക്കിയതെന്നു മാർപാപ്പ പ്രസ്താവിച്ചു. 2013 ജൂൺ മാസം 29-ാം തീയതി വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും തിരുനാൾ ദിനത്തിലാണ് മാർപാപ്പ തന്റെ പ്രഥമ ചാക്രികലേഖനത്തിൽ ഒപ്പുവച്ചത്.

ഈ ചാക്രികലേഖനത്തിന് ആമുഖവും നാല് അധ്യായങ്ങളുമാണുള്ളത്. ആദ്യ അധ്യായത്തിൽ വിശുദ്ധഗ്രന്ഥത്തിലെ വിശ്വാസചരിത്രത്തെക്കുറിച്ചും രണ്ടാം അധ്യായം വിശ്വാസത്തെയും യുക്തിയെയും സംബന്ധിച്ചും മൂന്നാം അധ്യായം സഭയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന വിശ്വാസത്തെക്കുറിച്ചും നാലാം അധ്യായം പ്രവൃത്തികളിലൂടെ സാക്ഷാത്കരിക്കപ്പെടുന്ന വിശ്വാസത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. ഈ ചാക്രികലേഖനത്തിൽ 60 ഖണ്ഡികകളാണ് ഉള്ളത്.

വിശ്വാസത്തിന്റെ സവിശേഷസ്വഭാവമായ വെളിച്ചം വീണ്ടെടുക്കുകയെന്നത് ഈ ആധുനികയുഗത്തിൽ ഒരു അടിയന്തിരആവശ്യമാണെന്ന് പരിശുദ്ധ പാപ്പാ ചാക്രികലേഖനത്തിന്റെ ആരംഭത്തിൽ ക്രിസ്തുശിഷ്യരെ ഓർമപ്പെടുത്തുന്നു. വിശ്വാസം വീണ്ടെടുക്കപ്പെടേണ്ട വെളിച്ചമാണ്. വിശ്വാസത്തെ മിഥ്യയായ വെളിച്ചമായി, അറിയുവാനുള്ള അന്വേഷണത്തിനു ധീരതയോടെ പുറപ്പെടുന്നതിൽനിന്ന് മനുഷ്യനെ തടയുന്ന പ്രതിഭാസമായി, സ്വതന്ത്രമായ മനുഷ്യവംശത്തിന് ഭാവിയിലേക്ക് വഴിതടയുന്ന മിഥ്യയായി, ആപേക്ഷികമായി ഒക്കെ അവതരിപ്പിക്കാൻ ആധുനികലോകം ശ്രമിക്കുമ്പോൾ പരിശുദ്ധ പാപ്പാ സഭാതനയരെ വിശ്വാസവെളിച്ചം വീണ്ടെടുക്കാൻ ശക്തിപ്പെടുത്തുകയാണ്. എന്തെന്നാൽ വിശ്വാസമാകുന്ന ജ്വാല അണഞ്ഞുപോയാൽ മറ്റു വെളിച്ചങ്ങളെല്ലാം മങ്ങിതുടങ്ങും. വിശ്വാസവെളിച്ചത്തിന് മനുഷ്യാസ്തിത്വത്തെ മുഴുവൻ പ്രകാശിപ്പിക്കാൻ കഴിയും. ഇത്രയും ശക്തമായ വെളിച്ചത്തിന്റെ ഉറവിടം മനുഷ്യനല്ല-ദൈവമാണ്.

ഒന്നാം അധ്യായം വിശുദ്ധഗ്രന്ഥത്തിലെ വിശ്വാസചരിത്രം വിവരിച്ചുകൊണ്ടാണ് ആരംഭിക്കുക. വിശ്വാസചരിത്രത്തിൽ പൂർവപിതാവായ

അബ്രാഹത്തിന്റെ വിശ്വാസ കാഴ്ചപ്പാട് ചാക്രിക ലേഖനം വിവരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം അബ്രാഹത്തിന്റെ ജീവിതത്തിൽ പ്രകാശം പരത്തുകയും യാഥാർഥ്യങ്ങളെ തിരിച്ചറിയാൻ സഹായിക്കുകയും ചെയ്തു. പുറപ്പാട് ഗ്രന്ഥത്തിൽ കാണുന്ന ഇസ്രായേൽ ജനതയുടെ ചരിത്രം അബ്രാഹത്തിന്റെ വിശ്വാസത്തിന്റെ വഴി പിഞ്ചെല്ലുന്നു. വിശ്വാസമെന്നത് ദൈവത്തിന്റെ വിളിയാൽ നിരന്തരം രൂപാന്തരപ്പെടാനും നവീകരിക്കപ്പെടാനും സ്വയം സമർപ്പിക്കാനുമുള്ള സന്നദ്ധതയിലാണ് വിശ്വാസം അടങ്ങിയിരിക്കുന്നത്.

രക്ഷകനിലുള്ള വിശ്വാസം വിശ്വാസത്തിന്റെ പൂർണതയിലേക്ക് നമ്മെ നയിക്കുന്നു. ക്രിസ്തുവാണ് വിശ്വാസത്തിന് പൂർണത നല്കുന്നത്. വിശ്വാസത്തിലൂടെയാണ് നാം രക്ഷ പ്രാപിക്കുക. രക്ഷ പ്രാപിക്കുകയെന്നത് ദൈവികദാനമായ കൃപയെ തിരിച്ചറിയുക കൂടിയാണ്. ഈ വിശ്വാസം നിർബന്ധമായും സഭാത്മകം കൂടിയാണ്. ക്രിസ്തുവിന്റെ ശരീരത്തിന് അകത്തു നിന്നുകൊണ്ടാണ് അതു പ്രഘോഷിക്കപ്പെടുന്നത്.

രണ്ടാം അധ്യായത്തിൽ വിശ്വാസവും സത്യവും തമ്മിലുള്ള ബ്നധവും വിശ്വാസവും യുക്തിയും തമ്മിൽ നടക്കുന്ന സംവാദത്തെക്കുറിച്ചും പ്രതിപാദിക്കപ്പെടുന്നു. സത്യം കൂടാതെ വിശ്വാസം രക്ഷിക്കുകയില്ല എന്ന് വ്യക്തമായി പറയുന്നു. വിശ്വാസത്തെ ഒരുവൻ ഹൃദയംകൊണ്ട് അറിയണം. ഇത് സ്നേഹത്തിന്റെ തലമാണ്. ഇതു നമ്മെ ആന്തരികമായി രൂപാന്തരപ്പെടുത്തും. പുതിയ കണ്ണുകൾകൊണ്ട് യാഥാർഥ്യത്തെ കാണാൻ നമ്മെ ശക്തരാക്കും. വിശ്വാസവും ദൈവശാസ്ത്രവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു കൂടി ചാക്രികലേഖനം പറഞ്ഞുവയ്ക്കുന്നു.

സഭയിലൂടെ വിശ്വാസം കൈമാറണമെന്ന് മൂന്നാം അധ്യായം പ്രതിപാദിക്കുന്നു. എനിക്ക് ലഭിച്ചത് – ഞാൻ നിങ്ങൾക്ക് ഏൽപിച്ചു തന്നു. അപ്പസ്തോലിക പാരമ്പര്യത്തിലൂടെ, കൂദാശകളിലൂടെ, പ്രാർഥനയിലൂടെ, പത്തു കല്പനകളിലൂടെ ഒക്കെ വിശ്വാസം കൈമാറണമെന്ന് പാപ്പാ നമ്മെ ഓർമപ്പെടുത്തുന്നു. ഇത് ക്രൈസ്തവന്റെ കടമയാണ് – സഭയുടെ കൂട്ടായ്മയിൽ ചെയ്യേണ്ട ദൗത്യം.

വിശ്വാസവും പൊതുനന്മയുമാണ് നാലാം അധ്യായത്തിൽ പ്രതിപാദിക്കുക. അത് വിശ്വാസത്തിന്റെ പ്രവൃത്തിതലമാണ്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വിശ്വാസം വ്യക്തികളെ അനുധാവനം ചെയ്യുന്നു; പ്രത്യേകിച്ച് കുടുംബപശ്ചാത്തലത്തിൽ. കുടുംബത്തിൽ നിന്ന് സ്വീകരിച്ച് വ്യക്തിയിൽ ആഴപ്പെടുന്ന വിശ്വാസം സമൂഹത്തെ പ്രകാശമാനമാക്കുന്നു. സഹനങ്ങളിൽ വിശ്വാസം നമ്മെ പ്രത്യാശയിലേക്ക് നയിക്കുന്നുവെന്നു പാപ്പാ നമ്മെ ഓർമിക്കുന്നു.

യുവജനങ്ങൾ വിശ്വാസത്തിന്റെ വിളി സ്വീകരിക്കണമെന്ന് പാപ്പാ ആശിക്കുന്നു. യുവജനങ്ങൾ ജീവിതത്തിൽ ഏറെ സങ്കീർണവും, സമ്പന്നവും, വിശ്വാസം സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു ഘട്ടത്തിലൂടെ കടന്നുപോകുന്നു. അതുകൊണ്ട് അവർക്ക് വിശ്വാസയാത്രയിൽ സ്വന്തം കുടുംബങ്ങളുടെയും സഭയുടെയും സ്ഥിരസാമീപ്യവും പിൻബലവും അനുഭവിക്കണമെന്നു പാപ്പാ ആശിക്കുന്നു. യുവജനങ്ങൾ അവരുടെ ജീവിതം പൂർണതയിൽ ജീവിക്കാൻ ആഗ്രഹിക്കുന്നു. യുവജനങ്ങൾക്ക് ക്രിസ്തുവുമായുള്ള കണ്ടുമുട്ടലും ക്രിസ്തുസ്നേഹത്താൽ ശ്രദ്ധിക്കപ്പെടലും ജീവിതത്തിന്റെ പുതിയ ചക്രവാളങ്ങൾ തുറക്കുന്നു. ഇത് അവർക്ക് ബോധ്യമുള്ള പ്രതീക്ഷ നല്കുന്നു. വിശ്വാസം ഭീരുക്കൾക്കുള്ള അഭയകേന്ദ്രമല്ല, മറിച്ച് ധീരമായ ഒരു വിളിയാണ്, സ്നേഹിക്കാനുള്ള വിളി. ഈ സ്നേഹം വിശ്വാസയോഗ്യമാണെന്നും അതിനായി സ്വയം സമർപ്പിക്കാൻ കൊള്ളാവുന്നതാണെന്നും വിശ്വാസം ഉറപ്പു നല്കുന്നു. കാരണം ദൈവത്തിന്റെ വിശ്വസ്തതയാണ് അറിവിന്റെ അടിത്തറ. ആ വിശ്വസ്തത നമുക്കുള്ള എല്ലാ ദൗർബല്യങ്ങളെക്കാളും ശക്തമാണ്.

വിശ്വാസത്തെക്കുറിച്ച് വ്യക്തവും സമഗ്രവുമായ സഭാപ്രബോധനമാണ് വിശ്വാസ വെളിച്ചത്തിലൂടെ വെളിച്ചം കണ്ടിരിക്കുന്നത്. വിശ്വാസത്തിന്റെ പൂർണതയായ, ഐക്കൺ ആയ, സഭയുടെയും നമ്മുടെ വിശ്വാസത്തിന്റെയും അമ്മയായ മറിയത്തിലേക്ക് പ്രാർഥനാപൂർവം ഉറ്റുനോക്കിക്കൊണ്ട് ചാക്രികലേഖനം പാപ്പാ അവസാനിപ്പിക്കുന്നു. അമ്മ വിശ്വാസ വെളിച്ചം ജീവിക്കാൻ സഹായിക്കട്ടെ ■

---

*ഫാ. ഷിബു പി.ഒ.സി. പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡീൻ ഓഫ് സ്റ്റഡീസും കേരള ജീസസ് യൂത്തിന്റെ മുൻ ആനിമേറ്ററുമാണ്.*

കവർസ്റ്റോറി

ബിനോയ് എം. പള്ളിയാടി



# വിശ്വാസപഠനത്തിന്റെ സമാന്തരമാതൃകകൾ

വിശ്വാസവർഷ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് പുറത്തിറങ്ങിയ 'വിശ്വാസത്തിന്റെ കവാടം' എന്ന പ്രബോധനരേഖയിൽ പോപ് എമിരറ്റസ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ ആവശ്യപ്പെടുന്ന കാര്യങ്ങളിലൊന്ന് സഭയെക്കുറിച്ചും സഭാപഠനങ്ങളെക്കുറിച്ചും ഗൗരവമായി പഠിക്കുവാനാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും യുവജനമതബോധനഗ്രന്ഥവും ഉപയോഗിച്ചുകൊണ്ട് വിശ്വാസത്തിന് അഗാധമായ അർഥതലങ്ങൾ കണ്ടെത്തുന്നതിലേയ്ക്കാണ് ഈ ക്ഷണം നമ്മെ നയിക്കേണ്ടത്. കൗമാര കാലഘട്ടത്തിലെ മത പഠനത്തിനു ശേഷം അത്തരം വഴികൾ പൂർണമായി ഉപേക്ഷിക്കാനുള്ള സമ്മർദങ്ങൾ നിറഞ്ഞ യൗവനത്തിലും ആത്മീയജീവിതത്തെ പ്രധാനമായെടുത്ത ചെറുപ്പക്കാരുടെ പല തലമുറകൾ നമുക്കിടയിലുണ്ട്.

വിശ്വാസപഠനത്തിന്റെ സാധാരണവും സമാന്തരവുമായ ചില രീതികളെക്കുറിച്ചും മാതൃകകളെക്കുറിച്ചും ഏതാനും കാര്യങ്ങൾ പങ്കുവയ്ക്കുകയാണ്.

## കിളിയന്തറയിലെ കൂട്ടായ്മ

ഇരിട്ടിയ്ക്കടുത്ത് കിളിയന്തറയിൽ കഴിഞ്ഞ ഇരുപതുവർഷത്തോളമായി ഒരു കൂട്ടം ആളുകൾ ഒത്തുചേരുന്നുണ്ട്. ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആരംഭകാലത്തുതന്നെ നവീകരണ ജീവിതത്തിലേയ്ക്കു കടന്നുവന്ന ജോയിച്ചൻ മണ്ണനാൽ, സി.ജെ. ജയിംസ്, രാരിച്ചൻ നെടുമല, മേരിക്കുട്ടി വിൻസന്റ്, സെലിൻ ജെയിംസ് തുടങ്ങിയ പത്തോളംപേർ അടങ്ങുന്ന ഒരു പഠനഗ്രൂപ്പാണത്. സഭാപഠനങ്ങൾ മുമ്പുതന്നെ നിത്യജീവിതത്തിന്റെ ഭാഗമാക്കിമാറ്റിയവർ. എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരം 5 മുതൽ 8 വരെ അവർ ഒരുമിച്ചുചേരും. ആദ്യവർഷങ്ങളിൽ പ്രാർഥനയും പങ്കുവയ്ക്കലുമായിരുന്നു പ്രധാനം. പിന്നീട് ബൈബിൾ-സഭാ പ്രബോധനങ്ങളുടെ പഠനങ്ങളിലേയ്ക്കും അതു വളർന്നു. വിവിധ ബൈബിൾ കമന്ററികളും, വി. അമ്മത്രേസ്യാ, വി. യോഹന്നാൻ ക്രൂസ് തുടങ്ങിയ മഹാവിശുദ്ധരുടെ ആധ്യാത്മികപുസ്തകങ്ങളും, വത്തിക്കാൻ രേഖകൾ ഉൾപ്പെടെ നിരവധി പ്രബോധനങ്ങളും അവർ പഠിച്ചുകൊണ്ടേയിരുന്നു. ആധ്യാത്മികമൂല്യങ്ങളടങ്ങിയ മറ്റു പുസ്തകങ്ങളും വിഷയങ്ങളും തീർത്തും ഒഴിവാക്കിയതുമില്ല. മുൻകൂട്ടി പഠനഭാഗങ്ങൾ വായിച്ച്, പ്രാർഥിച്ചൊരുങ്ങി എല്ലാവരുമെത്തുന്നു. അവസാനആഴ്ചയിൽ പഠിച്ച കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയത് ഏതൊക്കെ തരത്തിലാണെന്ന പങ്കുവയ്ക്കലോടെ ഗ്രൂപ്പ് ആരംഭിക്കുന്നു. അതിനുശേഷം, പുതിയ വിഷയത്തെക്കുറിച്ച്, പ്രാർഥനാപൂർവം പരിചിന്തിക്കുകയും പങ്കുവയ്ക്കലുകൾ നടത്തുകയും ചെയ്യുന്നു. ഉൾക്കാഴ്ചകൾ കണ്ടെത്തി തീരുമാനങ്ങളെടുത്ത് പിരിയുന്നു.

കരിസ്മാറ്റിക്-ജീസസ് യൂത്ത് മേഖലകളിലും ഇടവകപ്രവർത്തനങ്ങളിലുമെല്ലാം നിത്യമായ ആവേശത്തോടെയും തീക്ഷ്ണതയോടെയും തുടരാൻ ഇവരെ പ്രാപ്തരാക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് ഈ കൂട്ടായ്മയാണ്. കൃഷി, അധ്യാപനം തുടങ്ങി പലവിധതിരക്കുകളും ജോലികളുമുള്ള ഇവരുടെ പ്രതിബദ്ധതയാർന്ന ഒത്തുചേരൽ അനേകരെ പ്രചോദിപ്പിക്കുന്നുണ്ട്. നെല്ലിക്കാംപൊയിൽ, രണ്ടാംകടവ് എന്നിവിടങ്ങളിൽ വിശ്വാസപഠനഗ്രൂപ്പുകൾ ആരംഭിച്ചു. ഇടവക വൈദികരുടെ പിന്തുണയും ആശീർവാദവും ഇവരോടൊപ്പമുണ്ട്.

## സഭയുടെ സ്വരം തേടുന്ന സൗഹൃദങ്ങൾ

അനുദിനജീവിതത്തിൽ സാധാരണയായി ഉയരാറുള്ള വിവിധ ചോദ്യങ്ങളിൽ സഭയുടെ നിലപാടെന്തെന്നോ, ഒരു വിശ്വാസിയുടെ കാഴ്ചപ്പാട് എന്താവണമെന്നോ ആരെങ്കിലും ആലോചിക്കാറുണ്ടോ? അത്തരത്തിലുള്ള ചിലരെങ്കിലുമുണ്ടെന്ന് നമ്മെ ഓർമപ്പെടു

ത്തുന്ന കുറച്ചു യുവജനസുഹൃത്തുക്കൾ എറണാകുളത്ത് ഒരുമിച്ചുവരാറുണ്ട്. കച്ചേരിപ്പടിക്കടുത്ത് കണ്ണങ്കുന്നത്ത് പള്ളിയുടെ അങ്കണത്തിലുള്ള ദീപ്തി ഹാളിലാണ് എല്ലാ മാസാന്ത്യചൊവ്വാഴ്ചകളിലും വൈകുന്നേരം 5.30 മുതൽ 8.30 വരെ മുപ്പതുപേരോളം എത്തിച്ചേരുന്നത്. നഗരത്തിലെ സോഫ്റ്റ്‌വെയർ കമ്പനിയിലെ എച്ച് ആർ കൺസൽറ്റന്റ് ആയ അഗസ്റ്റിൻ നോജൻ, ഇംഗ്ലീഷ് ദിനപത്രത്തിലെ റിപ്പോർട്ടറായ അമ്മു സഖറിയ എന്നിവരുടെ നേതൃത്വത്തിൽ സിജോ എം. ചാക്കോ, കുര്യറ്റ് തുടങ്ങി അവരുടെ മറ്റു സുഹൃത്തുക്കളും ചേർന്നാണ് 'ഫെലോഷിപ് ഫോർ ലേണിങ് കാത്തലിക് ഫെയ്ത്' എന്ന പഠന ഗ്രൂപ്പ് ആരംഭിച്ചത്. വധശിക്ഷയെക്കുറിച്ച് രാഷ്ട്രത്തിന്റെ ചില നിയമപരമായ നിലപാടുകളുണ്ട്. അതേ വിഷയത്തെ സഭ എങ്ങനെയാണ് വീക്ഷിക്കുന്നത്? യുദ്ധംപോലെയുള്ള പ്രശ്നസങ്കീർണമായ അവസ്ഥയിൽ ഇത്തരം പ്രഖ്യാപിതനയങ്ങൾക്ക് വ്യത്യാസമുണ്ടോ? എന്നിങ്ങനെ ധാരാളം കാലികപ്രസക്തങ്ങളായ വിഷയങ്ങളെ അവർ തെരഞ്ഞെടുക്കുന്നു. വളരെ ഗൗരവമായി അതിൽ സഭയുടെ പഠനങ്ങൾ അറിയാൻ ശ്രമിക്കുന്നു. അക്രൈസ്തവമതങ്ങൾ, സഭയുടെ സാമൂഹ്യപ്രതിബദ്ധത, വിശ്വാസസംരക്ഷണം, കാനനൈസേഷൻ, മനഃസാക്ഷി എന്നിങ്ങനെ പലവിധവിഷയങ്ങൾ ഇവർ ചർച്ചചെയ്തിട്ടുണ്ട്. റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ, റവ. ഡോ. വിൻസന്റ് കുണ്ടുകുളം, റവ. ഡോ. ജോസി കുര്യപ്പള്ളി ഒ.സി.ഡി. തുടങ്ങി അതാത് പഠനമേഖലകളിൽ വിദഗ്ധരായ വ്യക്തികളെ പ്രഭാഷണങ്ങൾക്കായി ക്ഷണിച്ചുവരുത്തുന്നു. ധാരാളംപേർ ഇത്തരം പഠനങ്ങളിൽ താത്പര്യം കാണിച്ച് മുന്നോട്ടെത്തുന്നുവെന്നാണ് നോജനും സുഹൃത്തുക്കളും പറയുന്നത്.

## യുക്യാറ്റും വിശുദ്ധരുടെ ജീവിതങ്ങളും

യുവജനമതബോധനഗ്രന്ഥം പഠിക്കുക, വിശുദ്ധരുടെ ജീവിതവും മാതൃകയും മനസ്സിലാക്കുക എന്നീ കാര്യങ്ങൾ വിശ്വാസവർഷത്തിൽ ആഗോള ജീസസ്‌യൂത്ത് പ്രധാനമായി ചെയ്തുകൊണ്ടിരിക്കുന്ന ആറുകാര്യങ്ങളിൽ രണ്ടെണ്ണമാണ്. ഓരോ മാസത്തിലും ഒരു വിശുദ്ധനെയോ വാഴ്ത്തപ്പെട്ടവനെയോ പ്രത്യേകമായി തെരഞ്ഞെടുത്ത് വിശ്വാസവർഷത്തിൽ അറിയാനും അനുധാവനം ചെയ്യുവാനും ജീസസ്‌യൂത്ത് മുന്നേറ്റം ശ്രദ്ധ ചെലുത്തുന്നു. അതിന്റെ ഭാഗമായി ഇടവകകളിലും കലാലയങ്ങളിലും തൊഴിൽകേന്ദ്രങ്ങളിലുമെല്ലാം ഇത്തരം ചെറിയ പഠനഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. നിരവധി പ്രെയർഗ്രൂപ്പുകൾ അവയുടെ ഭാഗമായി യുക്യാറ്റ് പഠനം കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടുവർഷം കൊണ്ട് യുക്യാറ്റും ബൈബിളും ഒന്നിച്ചു പഠിക്കാൻ സഹായിക്കുന്ന ജീസസ്‌യൂത്ത് മെറ്റീരിയലിന് വലിയ സ്വീകരണമാണ് ലഭിച്ചത്.

## പുതുതലമുറയുടെ നവീന സങ്കേതങ്ങൾ

ഇന്റർനെറ്റും ഓൺലൈൻസംവിധാനങ്ങളും ഉപയോഗിച്ച് സഭാപ്രബോധനങ്ങൾ ആഴത്തിൽഉൾക്കൊള്ളുന്നവരുണ്ട്. 'വിശ്വാസവെളിച്ചം' എന്ന ചാക്രികലേഖനം, ഫ്രാൻസിസ് മാർപാപ്പ റോമിൽ പുറത്തിറക്കിയ ഉടൻതന്നെ വത്തിക്കാൻ വെബ്സൈറ്റിലൂടെ അത് ഡൗൺലോഡ് ചെയ്ത്, ദിവസങ്ങൾക്കുള്ളിൽ വായിച്ചുപഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത എഞ്ചിനീയറിംങ് വിദ്യാർഥികൾ നമുക്കിടയിലുണ്ട്.

യൂ-ട്യൂബിലും ഫേസ്ബുക്കിലുമെല്ലാം അപ്‌ലോഡ് ചെയ്യപ്പെടുന്ന വീഡിയോകളിലും നിർമിക്കപ്പെടുന്ന പേജുകളിലും വിശ്വാസത്തെക്കുറിച്ച് യുവജനങ്ങളോട് സംസാരിക്കുന്നവരുമുണ്ട്. 'വാട്ട്സ് അപ്പ്' മൊബൈൽ ചാറ്റിങ് ആപ്ലിക്കേഷൻ ഉപയോഗിച്ച് തൃശൂർ അമല മെഡിക്കൽ കോളജിലെ നെൽസൺ തോമസും സുഹൃത്തുക്കളും (മുപ്പതോളം പേരടങ്ങിയ ഗ്രൂപ്പാണിത്) നടത്തുന്ന വിശ്വാസ സംവാദങ്ങളും ഉൾക്കാഴ്ചകൾ പങ്കുവയ്ക്കലുകളുമെല്ലാം പുതിയതരം പഠനരീതികളാണ്. പി.ഒ.സി.യുടെ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, റവ. ഡോ. ഫിയോ മസ്കരനാസിന്റെ മുംബൈ-ലെ കാത്തലിക് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി നിരവധി സെമിനാരികളിൽവരെ ഇന്ന് വിശ്വാസവിഷയങ്ങൾ പഠിക്കാനുള്ള അവസരങ്ങൾ യുവജനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. മാത്രമല്ല, ജീസസ്‌യൂത്തിന്റെ പ്രാർഥനാഗ്രൂപ്പ് മുതൽ പലതലങ്ങളിലും നടത്തപ്പെടുന്ന ഒത്തുചേരലുകളിലും പരിശീലനപരിപാടികളിലും വിശ്വാസത്തെക്കുറിച്ചും സഭയെക്കുറിച്ചും സഭാപ്രബോധനങ്ങളെക്കുറിച്ചും അറിയാനും മനസ്സിലാക്കാനുമുള്ള ആത്മാർഥപരിശ്രമങ്ങൾ നടന്നുകൊണ്ടേയിരിക്കുന്നു. വിശ്വാസം ഉപരിപ്ലവമായിത്തീരാതെ, അതിനെ അറിവായും അനുഭവമായും ബോധ്യമായും വളർത്തിയെടുക്കാനുമുള്ള കൃപയ്ക്കും ജ്ഞാനത്തിനുമായി പരിശുദ്ധാത്മാവിനോടു നമുക്ക് യാചിക്കാം ■

ജോബി തോമസ് എം.ടെക്ക്, കട്ടപ്പന



# മനുഷ്യനും ചിമ്പാൻസിയും ഉത്ഭവിച്ചത് ഒരു പൊതു പൂർവികനിൽനിന്നോ?



മനുഷ്യനും ചിമ്പാൻസിയും ഒരു പൊതുപൂർവികനിൽ നിന്ന് പരിണമിച്ചുണ്ടായവയാണ് എന്നത്രേ ആധുനിക ശാസ്ത്രത്തിന്റെ നിഗമനം. മനുഷ്യനിലേക്കും ചിമ്പാൻസിയിലേക്കും നയിക്കുന്ന പരിണാമപാതകൾ 7 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ഒരു പൊതു പൂർവികനിൽ നിന്ന് രണ്ടായി പിരിഞ്ഞു എന്നു ശാസ്ത്രം വിലയിരുത്തുന്നു.

ഒരു ജീവിയുടെ ശരീരം പണിതുയർത്തേണ്ടത് എങ്ങനെയാണന്നുള്ളതിന്റെ മുഴുവൻ വിവരവും അതിന്റെ ശരീരകോശങ്ങളിലുള്ള DNA-യിൽ രേഖപ്പെടുത്തിവച്ചിരിക്കുന്നു. മ്യൂട്ടേഷൻ എന്ന പ്രതിഭാസം മൂലം തലമുറകൾ പിന്നിടുംതോറും DNA കോഡിൽ ചെറിയവ്യതിയാനങ്ങൾ വന്നുകൊണ്ടിരിക്കും.

സിംഹവും കടുവയും ഉത്ഭവിച്ചത് ഒരു പൊതുപൂർവികനിൽനിന്നാണെന്ന് ശാസ്ത്രം അനുമാനിക്കുന്നു. ഫോസിൽ റിക്കോർഡിനെയും മറ്റും ആശ്രയിച്ചുള്ള ചില കാലഗണനകളിലൂടെ സിംഹത്തിലേക്കും കടുവയിലേക്കും നയിക്കുന്ന പരിണാമപാതകൾ ഒരു പൊതുപൂർവികനിൽനിന്ന് വേർപിരിഞ്ഞത് 10 ലക്ഷം വർഷങ്ങൾക്കു മുൻപാണ് എന്നൊരു നിഗമനത്തിൽ ശാസ്ത്രം എത്തി എന്നു കരുതുക. സിംഹത്തിന്റെയും കടുവയുടെയും DNA കോഡുകൾ താരതമ്യം ചെയ്തപ്പോൾ അവയ്ക്കു തമ്മിൽ 1% വ്യത്യാസം കാണപ്പെട്ടു എന്നും കരുതുക. ഇനി സിംഹത്തോടും കടുവയോടും സാമ്യമുള്ള മറ്റ് രണ്ട് തരം ജീവികളുടെ DNA കോഡ് താരതമ്യം ചെയ്തപ്പോൾ അവയ്ക്കു തമ്മിൽ 4% വ്യത്യാസം കാണപ്പെട്ടു എന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ ഈ രണ്ടു തരം ജീവികൾ ഒരു പൊതു പൂർവികനിൽനിന്ന് 40 ലക്ഷം വർഷങ്ങൾക്കു മുമ്പ് വേർപിരിഞ്ഞു എന്ന് ശാസ്ത്രം അനുമാനിക്കും. ഈ കാലഗണനാരീതിയെ ആണ് തൻമാത്രാ ക്ലോക്കുകൾ (molecular clock) എന്നു വിളിക്കുന്നത്. മനുഷ്യനും ചിമ്പാൻസിയും ഒരു പൊതുപൂർവികനിൽനിന്ന് 7 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് വേർപിരിഞ്ഞു എന്നുള്ള കണ്ടെത്തൽ തന്മാത്രാ ക്ലോക്കുകളെ ആസ്പദമാക്കിയുള്ളതത്രേ.

മനുഷ്യന്റെയും ചിമ്പാൻസിയുടെയും DNA കോഡുകൾക്കു തമ്മിൽ 2% വ്യത്യാസമേയുള്ളൂ എന്നും പറയപ്പെടുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്ന, വാനരസമാനരായ ജീവികളിൽ ഏതു നിരക്കിലാണ് മ്യൂട്ടേഷനിലൂടെ DNA കോഡിൽ വ്യതിയാനം സംഭവിക്കുന്നത് എന്നതിനെപ്പറ്റി നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി ശാസ്ത്രത്തിന് ഒരു കണക്കുണ്ട്. (ഇവയെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയെ population genetics എന്നു വിളിക്കുന്നു) മേൽപറഞ്ഞ കണക്കനുസരിച്ച് 7 ദശലക്ഷം വർഷങ്ങൾക്കൊണ്ട് മനുഷ്യന്റെയും ചിമ്പാൻസിയുടെയും DNA കോഡുകൾക്കു തമ്മിൽ 2%-ത്തിലും വളരെക്കുറച്ച് വ്യതിയാനങ്ങളെ സംഭവിക്കാനാവുകയുള്ളൂ.

അതായത്, തന്മാത്രാ ക്ലോക്കുകളെ അടിസ്ഥാനമാക്കി ചിന്തിക്കുമ്പോൾ മനുഷ്യന്റെയും ചിമ്പാൻസിയുടെയും കോഡുകൾക്കു തമ്മിൽ 7 ദശലക്ഷം വർഷങ്ങൾക്കൊണ്ട് 2% വ്യത്യാസം സംഭവിച്ചു. എന്നാൽ population genetics-ന്റെ കണക്കുകൂട്ടൽ അനുസരിച്ച് ചിന്തിക്കുമ്പോൾ DNA കോഡുകൾക്കു തമ്മിൽ 2%-ത്തിലും വളരെക്കുറച്ച് വ്യതിയാനമേ 7 ദശലക്ഷം വർഷങ്ങൾക്കൊണ്ട് സംഭവിക്കാനാവുകയുള്ളൂ. 'ഹാൾഡെയ്ൻസ് ഡിലെമ' എന്ന പേരിൽ അറിയപ്പെടുന്ന ഈ വിരോധാഭാസത്തെ എങ്ങനെ വിശദീകരിക്കും? ■



## കൂടിക്കാഴ്ച

ജോബി തോമസ്

# സെമിനാരികളുടെ അകത്തളത്തിലേയ്ക്ക് ഒരു വീട്ടമ്മ

കേരളത്തിൽ ആദ്യമായി പൊന്തിഫിക്കൽ പദവിയിലുള്ള സെമിനാരികളൊന്നിൽ തത്ത്വശാസ്ത്രവിദ്യാർഥിനിയായി ചേർന്ന് മറ്റു സെമിനാരി വിദ്യാർഥികളോടൊപ്പം പഠിച്ച് ഡിസ്റ്റിങ്ഷനോടെ പാസായ യുവതിയാണ് ആനി ബേർളി. ഉയർന്ന മാർക്കോടെ ബി.ടി.എച്ചും പൂർത്തിയാക്കിയശേഷം ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദത്തിന് ചേർന്നിരിക്കുകയാണ് ഇപ്പോൾ അവർ. ജീസസ്‌യൂത്തിന്റെ മുൻ കേരളാ കോ-ഓർഡിനേറ്ററും ആർക്ക് പവർ കൺട്രോൾസിന്റെ മാനേജിങ് ഡയറക്ടറുമായ ബേർളി ഏണസ്റ്റിന്റെ ഭാര്യ. ഏയ്ഞ്ചൽ, മിഷേൽ, ഷെറിൽ എന്നിങ്ങനെ മൂന്നുപെൺകുട്ടികളുടെ അമ്മ. വിശ്വാസവർഷാചാരണവേളയിൽ കേരളസഭയ്ക്കും ജീസസ്‌യൂത്ത് മുന്നേറ്റത്തിനും അഭിമാനത്തോടെ ഉയർത്തിക്കാട്ടാവുന്ന ഒരു മുഖം. ജീസസ്‌യൂത്ത് മുൻ ഫുൾടൈമർ കൂടിയായ ആനിയുടെ അനിതരസാധാരണമായ വഴികളെ അടുത്തറിയുന്നത് നമ്മുടെ വിശ്വാസജീവിതത്തിനും പുതിയ പ്രചോദനങ്ങൾ നൽകാതിരിക്കില്ല.

**ജീസസ്‌യൂത്ത് മുന്നേറ്റവുമായി പരിചയപ്പെടുന്നതെങ്ങനെയാണ്? ആരംഭകാലഘട്ടത്തെക്കുറിച്ചൊന്നു പറയാമോ?**

പ്ലസ്ടുവരെ മാതാപിതാക്കളോടൊപ്പം ദുബായിലാണ് ഞാൻ പഠിച്ചിരുന്നത്. അക്കാലത്ത് ആത്മീയതയുമായി വലിയ ബന്ധമുണ്ടായിരുന്നില്ല. പള്ളിയിൽ പോകുന്നതൊക്കെ കുറവായിരുന്നു. തിരികെ നാട്ടിൽ വന്ന് ഓൾസെയ്ന്റ്സ് കോളേജിൽ ഡിഗ്രി എക്കണോമിക്സിനു ചേരുമ്പോൾ അധികം സുഹൃത്തുക്കളൊന്നുമില്ലായിരുന്നു. ആ സമയത്ത്, കാറ്റക്കിസം ഡിഗ്രി ക്ലാസ്സിൽ ഒപ്പം പഠിച്ചിരുന്ന സുനിൽ ഡിക്രൂസ് എന്ന സുഹൃത്തിന്റെ പെരുമാറ്റം വളരെയേറെ ഇഷ്ടപ്പെട്ടു. ഗ്രൂപ്പ് ഡിസ്കഷനിലൊക്കെ ഞാനുൾപ്പെടെ എല്ലാവരോടും ചോദ്യങ്ങൾ ചോദിച്ചും അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തും ഭംഗിയായി ക്ലാസ്സിൽ ഇടപെട്ടിരുന്ന ഒരാൾ. അയാളൊരു ജീസസ്‌യൂത്തായിരുന്നുവെന്ന് പിന്നീടു മനസ്സിലായി. സത്യത്തിൽ അത്തരം നല്ല സുഹൃത്തുക്കളെ ലഭിക്കാനാണ് തിരുവനന്തപുരത്തെ പുത്തൻതോപ്പെന്ന സ്വന്തം ഇടവകയിലെ ജീസസ് യൂത്ത് പ്രാർഥനാഗ്രൂപ്പിൽ ആദ്യം പോയത്. അവിടെനിന്നും കിട്ടിയ അറിവനുസരിച്ച് കോളജ് ഗ്രൂപ്പിലും ചെന്നു തുടങ്ങി. ദൈവാനുഭവത്തിലേയ്ക്ക് ആഴപ്പെടുന്നതിന്റെ ഒരു തുടക്കമായിരുന്നു അത്.

**എങ്ങനെയാണ് ജീസസ് യൂത്ത് ഫുൾടൈമർഷിപ്പിലേയ്ക്ക് കടന്നുവന്നത്?**

കോളജിൽ പഠിക്കുമ്പോൾ പ്രാർഥനാ കൂട്ടായ്മയുടെ കോർഗ്രൂപ്പ് അംഗമായിരുന്നു. ആദ്യബാച്ച് ഫുൾടൈമറായിരുന്ന പാലക്കാട് സ്വദേശി സിനി ഞങ്ങളുടെ പ്രാർഥനാഗ്രൂപ്പിലെത്തുമ്പോൾ ഇങ്ങനെ പറഞ്ഞുകേട്ടിട്ടുണ്ട്. "സ്വർഗത്തിലെത്തുമ്പോൾ, അവിടുത്തെ കൊട്ടാരത്തിലെ രാജകുമാരിയായി വളരെ സ്വാതന്ത്ര്യത്തോടെ ഞാൻ നടക്കും. ദൈവവുമായി അത്തരമൊരു അടുപ്പമുണ്ടാവുകയാണ് എന്റെ സ്വപ്നം". ഈശോയുമായി ആ രീതിയിലൊരു ബന്ധം സ്ഥാപിച്ചെടുക്കാൻ കഴിയുകയെന്നത് സന്തോഷകരമായി തോന്നി. മൂന്നാം ബാച്ചിലെ ഫുൾടൈമറായ ഷീനയും വളരെ പ്രചോദനാത്മകമായ ഒരു സാന്നിധ്യമായിരുന്നു. അവരുടെയൊക്കെ മാതൃക പിന്തുടർന്ന് ഡിഗ്രി പഠനം കഴിഞ്ഞ് ഞാനും ഒരുവർഷം മാറ്റിവയ്ക്കാൻ തീരുമാനിച്ചു. നാലാം ബാച്ചിലെ ട്രെയിനിങ് കൂടാൻ മാത്രമാണ് വീട്ടിൽനിന്നും ആദ്യം അനുവാദം കിട്ടിയത്. പിന്നീട് കമിറ്റ്മെന്റ് എടുക്കാനും ദൈവം അനുഗ്രഹിച്ചു.

**എറണാകുളത്ത് ഫുൾടൈമറായിരുന്ന കാലത്തെ അനുഭവങ്ങൾ എന്തൊക്കെയാണ്?**

ക്യാംപസുകളിലാണ് ഞാൻ പ്രധാനമായും പ്രവർത്തിച്ചിരുന്നത്. പ്രെയർഗ്രൂപ്പുകളിൽ പോവുകയും കുട്ടികളോട് സംസാരിക്കുകയുമൊക്കെ ചെയ്യുമായിരുന്നു. തേവര എസ്. എച്ച്. കോളജിൽ വച്ച്, രണ്ടായിരത്തോളം പേർ പങ്കെടുത്ത ഒരു ക്യാംപസ്മീറ്റിന്റെ ജനറൽ കോ-ഓർഡിനേറ്റർ എന്ന ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവന്നു. ഞാൻ വിചാരിച്ചാലും ചിലതൊക്കെ ചെയ്യാൻ കഴിയുമെന്ന ബോധ്യം കിട്ടിയ നാളുകളായിരുന്നു അത്. പിന്നീട് തേവര കോളേജിൽ തന്നെ എം.എ. ലിറ്ററേച്ചിനു ചേർന്നു. എറണാകുളത്തെ ക്യാംപസ് കോ-ർഡിനേറ്ററായി. പഠനം കഴിഞ്ഞ് കുറച്ചുമാസങ്ങൾ കോളജിൽ ഗസ്റ്റ് ലക്ചററായി പഠിപ്പിക്കുകയും ചെയ്തിരുന്നു.

**ഫിലോസഫിയും തിയോളജിയും പഠിക്കാനുള്ള പ്രേരണ എന്തായിരുന്നു?**

ബേർളിച്ചേട്ടനും ഞാനും ജീസസ്‌യൂത്ത് പ്രൊഫഷനൽ മിനിസ്ട്രിയുടെ എൽഡേഴ്സായിരുന്ന കാലത്ത് ടീം മീറ്റിങ്ങിൽ ഒരു പതിവുണ്ടായിരുന്നു. അടുത്തകാലത്ത് വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വിവരങ്ങളും അതിന്റെ വിശദാംശങ്ങളും പങ്കുവയ്ക്കുക. ചേർത്തലക്കാരനായിരുന്ന റോജോ-അവന്റെ അങ്കിൾ ബിഷപ്പാണ്-ധാരാളം തിയോളജിയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കുകയും പങ്കുവയ്ക്കുകയും ഞങ്ങൾക്കു വായിക്കാൻ തരികയുമൊക്കെ ചെയ്യുമായിരുന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായിരുന്ന റവ. ഡോ. ജയിംസ് ആനാപറമ്പിൽ ആയിരുന്നു ഞങ്ങളുടെ സ്പിരിചൽ ഫാദർ. ആലുവയിൽ അത്മായർക്കുവേണ്ടി ദൈവശാസ്ത്രപഠനം ആരംഭിക്കുന്നതിനെക്കുറിച്ച് അച്ചനാണ് പറഞ്ഞത്. അങ്ങനെ ദൈവശാസ്ത്രത്തിന് ആമുഖമായി രണ്ടുവർഷത്തെ തത്ത്വശാസ്ത്രപഠനത്തിനുചേർന്നു. മുൻ ഫുൾടൈമേഴ്സായിരുന്ന ലിന്റോ, സിസ്റ്റർ മരീന എന്നിവരും എന്റെ കൂട്ടിനുണ്ടായിരുന്നു. ഇപ്പോൾ നാഗ്പൂർ രൂപതയ്ക്കുവേണ്ടി വൈദിക വിദ്യാർഥിയായ തൃശൂരുകാരൻ ലിന്റോ തിയോളജി പഠിക്കുകയാണ്.



**കേരളത്തിലെ അനേകം തലമുറകളിലെ വൈദികർക്കു ജന്മം നൽകിയ മംഗലപ്പുഴ-കർമലഗിരി സെമിനാരികളുടെ ഫാക്കൽറ്റികൾ ചേരുന്നതാണല്ലോ ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. കേരളത്തിൽ ആദ്യമായി ഒരു വീട്ടമ്മ സെമിനാരി പഠനത്തിനായി അവിടേയ്ക്ക് കടന്നുചെന്നത് ഒരു ചരിത്രമുഹൂർത്തമല്ലേ? എങ്ങനെയാണ് അവിടുത്തെ അനുഭവങ്ങളെ വിലയിരുത്തുന്നത്?**

ജീസസ് യൂത്തുമായി ബന്ധപ്പെട്ട വൈദികരോട് മാത്രമേ എനിക്ക് അടുത്തു പരിചയമുണ്ടായിരുന്നുള്ളൂ. സെമിനാരിയിലെ പ്രൊഫസേഴ്സായ അച്ചന്മാർ എങ്ങനെയായിരിക്കും, ബ്രദേഴ്സ് എങ്ങനെയായിരിക്കും എന്നൊക്കെ ആശങ്കകളുണ്ടായിരുന്നു. പക്ഷേ, അവരെല്ലാം വളരെയേറെ പ്രചോദിപ്പിക്കുന്നവരും സഹായിക്കുന്നവരുമായിരുന്നു. നമ്മുടെ തലത്തിലേയ്ക്ക് ഇറങ്ങിവന്ന് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിത്തരുന്നവരായിരുന്നു അധ്യാപകർ. ബ്രദേഴ്സെല്ലാം എന്നെ സ്വന്തം ചേച്ചിയെപ്പോലെയാണ് കണ്ടത്. തത്ത്വശാസ്ത്രം രണ്ടാംവർഷം പഠിക്കുമ്പോൾ ഞാൻ ഷെറിലിനെ പ്രഗ്നന്റായിരിക്കുന്ന സമയമാണ്. ബ്രദേഴ്സാണ് നോട്ടുകളൊക്കെ എഴുതിത്തന്നത്. പ്രസവം കഴിഞ്ഞാണ് ഡെസർട്ടേഷൻ വച്ചതും, പരീക്ഷ എഴുതിയതും. ഡിസ്റ്റിങ്ഷനോടെ പാസാവാൻ സാധിച്ചു.

കുറച്ചുകൂടി സഭയെ അടുത്തറിയാനും വൈദികരെ മനസ്സിലാക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനുമൊക്കെ സാധിച്ചത് സെമിനാരിയിലെത്തിയപ്പോഴാണ്. ഞങ്ങളെ പഠിപ്പിച്ചിരുന്ന അച്ചൻ ഒരിക്കൽ എന്നെ വിളിച്ചു പറഞ്ഞു: "ആനി പ്രാർഥനാഗ്രൂപ്പിലൊക്കെ പോവുന്നതല്ലേ, എന്റെ ചേച്ചിക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കണം. ചേച്ചിക്കു ക്യാൻസറാണ്. ചേച്ചിയില്ലാത്ത ഒരു ലോകത്തെപ്പറ്റി ചിന്തിക്കാൻപോലും എനിക്കു കഴിയുന്നില്ല". കുടുംബത്തെക്കുറിച്ചും സഹോദരങ്ങളെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചുമെല്ലാം അത്ര

കരുതലും സ്നേഹവുമുള്ളവരാണ് വൈദികരെന്നും അവരും പച്ചയായ മനുഷ്യരാണെന്നും തിരിച്ചറിയാൻ ഇത്തരം അനുഭവങ്ങൾ എന്നെ ഒത്തിരി സഹായിച്ചിട്ടുണ്ട്. പക്ഷേ, നമ്മിൽ എത്രപേർ ആത്മാർഥമായി അവർക്കൊക്കെ വേണ്ടി പ്രാർഥിക്കുന്നുവെന്ന് ആലോചിച്ചുനോക്കൂ...

മറ്റൊരിക്കൽ ഒരു ബ്രദർ എന്നോടുപറഞ്ഞു: "ചേച്ചി എനിക്ക് വിശ്വാസം ഒരു ഹൃദയാനുഭവമായി മാറുന്നില്ല". ബുദ്ധിപരമായി കാര്യങ്ങളൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞാലും ഹൃദയതലത്തിൽ ക്രിസ്തുവിനെ അനുഭവിക്കാൻ സാധിക്കുന്നില്ലെന്നതായിരുന്നു ബ്രദറിന്റെ അവസ്ഥ. ഞാൻ ജീസസ്‌യൂത്തിലും പ്രാർഥനാകൂട്ടായ്മയിലുമൊക്കെ അംഗമായതുകൊണ്ട് എന്നോടു പങ്കുവച്ചതാണ്. പല പ്രായോഗികമാർഗങ്ങൾ പറഞ്ഞുനോക്കിയെങ്കിലും ഫലവത്തായില്ല. ഒടുവിൽ അൽപം പരിഭവത്തിന്റെ സ്വരത്തിൽ ഞാൻ വെറുതേ പറഞ്ഞു: "ജീവിതത്തിൽ എന്തെങ്കിലും ദുരന്തം വരാൻ ദൈവത്തോട് പ്രാർഥിക്കൂ. വിശ്വാസം ശരിയായ അനുഭവമായി മാറിക്കൊള്ളും". എന്തായാലും കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു വാർത്ത കേട്ടു. ആ ബ്രദറിന്റെ സഹോദരൻ ബസിന്റെ ഫുട്ബോർഡിൽ യാത്ര ചെയ്തപ്പോൾ തെറിച്ചുവീണ് ഗുരുതരമായി പരുക്കുപറ്റിയെന്ന്. ആ രംഗം കണ്ട നാനാജാതിമതസ്ഥർ അഭിപ്രായപ്പെട്ടത് ദൈവാനുഗ്രഹം കൊണ്ടുമാത്രം രക്ഷപ്പെട്ടതെന്നാണ്. പിന്നീട് ബ്രദർ എന്നോടു പറഞ്ഞു: "ചേച്ചീ, എനിക്ക് ദൈവത്തിലുള്ള വിശ്വാസം വർധിച്ചു. എന്നാലും ഇത്തരം ഒരനുഭവത്തിലൂടെ എന്നെ വിശ്വസിപ്പിക്കേണ്ടിയിരുന്നില്ല!!!"

**മൂന്നു കുട്ടികൾ, ഭർത്താവ്, ഭർത്താവിന്റെ രോഗിയായ അമ്മ, ഇവരുമായി ബന്ധപ്പെട്ട അനുദിന വീട്ടുകാര്യങ്ങൾ- ഇതിനെല്ലാം ഇടയിൽനിന്ന് ബി.റ്റി.എച്ചും (ദൈവശാസ്ത്രബിരുദം) ഡിസ്റ്റിങ്ഷനോടെ പാസായല്ലോ! കളമശേരി ജ്യോതിർഭവനിലെ പഠനത്തെക്കുറിച്ചുള്ള ഓർമകൾ എന്തൊക്കെയാണ്? എങ്ങനെയാണ് സഭാശുശ്രൂഷകളിലും നിത്യജീവിതത്തിലും ഇതെല്ലാം സഹായകമായത്?**

മൂന്നരവർഷത്തെ ദൈവശാസ്ത്രപഠനകാലം വളരെ പ്രയോജനപ്രദമായിരുന്നു. ആലുവയിൽ നിന്ന് വ്യത്യസ്തമായി ബ്രദേഴ്സ്, സിസ്റ്റേഴ്സ്, അത്മായർ എന്നിവരെല്ലാം ചേരുന്നതായിരുന്നു ഇവിടുത്തെ വിദ്യാർഥി സമൂഹം. ഓരോ വിഭാഗത്തിലുംപെട്ട ആളുകളുമായി എങ്ങനെ ഇടപെടണമെന്ന് മനസ്സിലാക്കിയത് ഇവിടെവച്ചാണ്. ദൈവശാസ്ത്രപഠനം സഭയെക്കുറിച്ചും ആത്മീയ ജീവിതത്തെക്കുറിച്ചുമൊക്കെയുള്ള കാഴ്ചപ്പാടുകളിൽ വലിയ മാറ്റങ്ങൾ വരുത്തി. ഇടവകയിൽ യൂത്ത് കാറ്റക്കിസം ക്ലാസ്സുകൾ എടുക്കാറുള്ളത് ഞാനാണ്. മാത്രമല്ല, യുവജനങ്ങൾക്കുവേണ്ടി ബേർളിച്ചേട്ടനോടൊത്ത് ധ്യാനങ്ങൾക്കും ക്ലാസ്സുകൾക്കും പോകുമ്പോഴും ഈ പഠനത്തിന്റെ പിൻബലം ഏറെ സഹായകമാവുന്നുണ്ട്. ദൈവവചന പങ്കുവയ്ക്കലുകൾ നടത്തുമ്പോഴൊക്കെ മുമ്പത്തേതിനേക്കാൾ ആധികാരികമായും വ്യക്തതയോടെയും സഭയുടെ പഠനങ്ങളോടു ചേർന്നുനിന്നും സംസാരിക്കാൻ ഞങ്ങൾക്കു കഴിയുന്നു.

അത്മായരുടെ തന്നെ വിശ്വാസത്തിന്റെ പല തലങ്ങൾ കണ്ടു മനസ്സിലാക്കാനും, സിംപിൾ ഫെയ്ത്തുള്ളവരെയുംകൂടി ബഹുമാനിക്കാനും എനിക്കിന്ന് സാധിക്കുന്നു. മുമ്പ് നൊവേന, തീർഥാടനം എന്നിവയൊക്കെ യഥാർഥ വിശ്വാസികൾക്ക് ആവശ്യമുണ്ടോ എന്നാലോചിച്ചിട്ടുണ്ട്. ഇന്ന്, എല്ലാത്തരം ഡിവോഷൻസിനെയും തുറന്ന മനസ്സോടെ കാണുന്നു. സഭാസമൂഹത്തിൽ പലപ്പോഴും രൂപപ്പെടുന്ന തെറ്റായ പ്രബോധനങ്ങൾ തിരുത്താൻ വൈദികർ മാത്രം വിചാരിച്ചാൽ സാധിക്കില്ല. വിശ്വാസത്തെക്കുറിച്ച് ലളിതമായും ജീവിതഗന്ധിയായും സംസാരിക്കാൻ ഞാനും ഇപ്പോൾ ശ്രമിക്കാറുണ്ട്. തിയറികളായിട്ടല്ല, വിശുദ്ധരുടെ കഥകളുമൊക്കെ കൂട്ടിച്ചേർത്ത് എല്ലാവർക്കും മനസ്സിലാവുന്ന തരത്തിൽ. പലതും ഫലം കാണുന്നു.

**തത്ത്വശാസ്ത്രവും ദൈവശാസ്ത്രവുമൊക്കെ പഠിച്ചാൽ ഉള്ള വിശ്വാസം കൂടി പോകുമെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. അതിനെക്കുറിച്ച് എന്തു പറയുന്നു? മറ്റാരെങ്കിലും ഇതൊക്കെ പഠിക്കാൻ താത്പര്യം കാണിക്കാറുണ്ടോ?**

തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചത് എന്റെ ജീവിതത്തിൽ പ്രയോജനപ്പെട്ടത് എങ്ങനെയാണെന്ന് മുൻപേ പറഞ്ഞുവല്ലോ. ശരിയായ വിശ്വാസാനുഭവം ഉള്ളവർക്ക് ഈ പഠനങ്ങളൊന്നും ഒരു തരത്തിലുള്ള ഉലച്ചിലും വരുത്തില്ല. മാത്രമല്ല, വളരെ ആഴത്തിൽ വിശ്വാസത്തിന് ഉറപ്പുള്ള അടിസ്ഥാനങ്ങൾ ഇടുകയും ചെയ്യും. എന്റെ അനുഭവവും ഇതുതന്നെയാണ്. ഇവയുടെ പശ്ചാത്തലത്തിൽ അനുദിനജീവിതത്തെ നോക്കിക്കാണുമ്പോൾ പുതിയൊരു കാഴ്ചക്കോണിലൂടെ എല്ലാറ്റിനെയും വീക്ഷിക്കാൻ കഴിയും.

ജീസസ്‌യൂത്തിനാണെങ്കിൽ ക്രിസ്തുവിനെ പങ്കുവയ്ക്കാനുള്ള തീക്ഷ്ണത സ്വാഭാവികമായുണ്ട്. ആധികാരികമായി പഠിച്ച്, ഉറ



*ആനി, ബേർളി*
*ഏയ്ഞ്ചൽ, മിഷേൽ, ഷെറിൽ*

പ്പോടെ പറയാൻ കഴിയുമ്പോൾ അതു വലിയൊരു സാക്ഷ്യമായി മാറും. ഇന്ത്യയ്ക്കു പുറത്ത് പല ജീസസ്‌യൂത്തുകളും തിയോളജി പഠിക്കുന്നുണ്ടല്ലോ. ഇപ്പോൾ ഞങ്ങളുടെ ഇടവകയിൽ നിന്ന് എൻജിനീയറായ ഷൈലയും കരിസ്മാറ്റിക്- ജീസസ് പശ്ചാത്തലത്തിൽനിന്ന് മേഴ്സിച്ചേച്ചി, പ്രിയ എൽവിസ്, പ്രിൻസ് തുടങ്ങിയവരും തിയോളജി പഠനത്തിനായി ജ്യോതിർഭവനിൽ ചേർന്നിട്ടുണ്ട്.

ജീസസ്‌യൂത്തും സാന്ത്വന കമ്യൂണിറ്റിയിൽ അംഗവുമായ പ്രിൻസ്, തൃശൂരുള്ള അവരുടെ ഹൗസിൽ നിന്നും ദിവസവും അതിരാവിലെ ട്രെയിനിൽ എറണാകുളത്തെത്തും. ഇവിടെ ദിവ്യബലിയർപ്പിച്ചശേഷം പൊതികെട്ടിക്കൊണ്ടുവരുന്ന പ്രഭാതഭക്ഷണവും കഴിച്ച് ജ്യോതിർഭവനിലെത്തും. ഉച്ചയ്ക്ക് ക്ലാസ്സുകഴിഞ്ഞ്, ഹൗസിൽ മടങ്ങിയെത്തി അവിടുത്തെ മറ്റ് ഉത്തരവാദിത്വങ്ങൾ തുടരും. വിശ്വാസജീവിതത്തെ അതീവഗൗരവമായെടുക്കാനുള്ള ആഗ്രഹത്തിൽ നിന്നാണ് ഇതൊക്കെ സംഭവിക്കുന്നത്. മാത്രമല്ല, പൂനയിലെ പേപ്പൽ സെമിനാരിയിലൊക്കെ അത്മായർ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. കേരളസഭയിലും വരുംകാലങ്ങളിൽ അത്തരത്തിലുള്ള മാറ്റങ്ങൾ പ്രതീക്ഷിക്കാം.

**അഞ്ചാറുവർഷങ്ങൾ നീണ്ട ബി.ടി.എച്ച്. പഠനത്തിനുശേഷം വീണ്ടും മൂന്നുവർഷത്തോളം നീളാവുന്ന എം.ടി.എച്ച്. കുടുംബത്തിൽനിന്നും ലഭിക്കുന്ന പിന്തുണ എങ്ങനെയുള്ളതാണ്?**

ബേർളിച്ചേട്ടനും കുട്ടികളും വളരെ താത്പര്യത്തോടെ സഹായിക്കുന്നതുകൊണ്ടാണ് പഠനം മുന്നോട്ട് പോകുന്നത്. അവർ മനസ്സിലാക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. ബേർളിച്ചേട്ടൻ ഓഫിസ് ജോലികൾക്കൊപ്പം വീട്ടുകാര്യങ്ങളിലും സഹായിക്കും. ഓരോ ദിവസവും കുട്ടികൾ എന്താണ് പഠിച്ചതെന്ന് അന്വേഷിക്കുന്നതിനൊപ്പം എന്നോടും പഠിച്ച കാര്യങ്ങളെക്കുറിച്ച് ചോദിക്കും. ഏയ്ഞ്ചലും മിഷേലും ഷെറിലും സ്വന്തമായി പഠിച്ചുകൊള്ളും. ട്യൂഷനില്ല. എന്തെങ്കിലും സംശയങ്ങൾ വരുമ്പോഴേ ചോദിക്കാറുള്ളൂ. ക്ലാസ്സിലും മിടുക്കരാണ്. രോഗിയായ അമ്മയെ ശുശ്രൂഷിക്കാനും എല്ലാവരുമുണ്ടാകും.

എന്നെ സംബന്ധിച്ചാണെങ്കിൽ, വീട്ടുജോലികൾക്കിടയിലുള്ള പഠനമാണെങ്കിലും മുൻപ് കോളജിലായിരുന്ന കാലത്തേക്കാൾ നന്നായി പഠിക്കാനുള്ള കൃപ കിട്ടുന്നുണ്ട്. കൂടുതൽ ഓർമിക്കാനും ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാനും കഴിയുന്നുണ്ട്. സാമ്പത്തികമായ പ്രയോജനമെന്താണെന്ന ചോദ്യത്തെ മുൻനിർത്തി ചുറ്റുപാടും ചില വിമർശനങ്ങളൊക്കെയുണ്ടെങ്കിലും ജീസസ്‌യൂത്ത് കമ്യൂണിറ്റിയും ധാരാളം വൈദികരുമെല്ലാം താത്പര്യത്തോടെ കൂടെയുണ്ട്.

**എം.ടി.എച്ച്. പഠനാനുഭവങ്ങൾ എന്തൊക്കെ?**

ആഴ്ചയിൽ രണ്ടുദിവസം കർമലഗിരിയിലും മംഗലപ്പുഴയിലുമായി ക്ലാസ്സുണ്ട്. വൈദികരാണ് സഹപാഠികൾ. അവരെല്ലാം മുൻപത്തെപ്പോലെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു. സെമിനാരിയിൽ നിന്നാണ് ഉച്ചഭക്ഷണം. കൂടെപഠിച്ചവരിൽ ധാരാളംപേർ വൈദികരായിട്ടുള്ളതിനാൽ എപ്പോഴും പ്രാർഥനാസഹായം ലഭിക്കാനും ദിവ്യബലികളിൽ, അൾത്താരയിൽ ഓർമിക്കപ്പെടാനും സാധിക്കുന്നുവെന്നതാണ് ഏറ്റവും സന്തോഷകരമായ കാര്യം.

*അറിവിന്റെ നാട്യങ്ങളില്ലാതെ ഒരു സാധാരണ കുടുംബിനിയായി അടയാളപ്പെടാൻ ആഗ്രഹിക്കുന്ന ആനി ബേർളി നാളെകളിൽ പുതിയ ചരിത്രനിമിഷങ്ങൾക്ക് നിമിത്തവും സാക്ഷിയുമായി, ക്രിസ്തുവിന്റെ കരങ്ങളിലെ ഉപകരണമായി തുടരാൻ നമുക്കും പ്രാർഥിക്കാം* ■

## അനുഭവം



ഷോജിയച്ചൻ


# സ്നേഹത്തിൽ വീണുപോകുമ്പോൾ

ഒരിക്കൽ ട്രെയിനിൽവച്ച് പരിചയപ്പെട്ട ഒരു അക്രൈസ്തവനായ സർക്കാരുദ്യോഗസ്ഥൻ അച്ചനാണെന്നുപറഞ്ഞപ്പോൾ "നിങ്ങളുടെയിടയിൽ അപ്പനും അമ്മയും നേർച്ച നേരുന്നതുകൊണ്ടല്ലേ വൈദികനാകുന്നത്?" എന്നാണ് മറുചോദ്യം ചോദിച്ചത്. ഞാനാതീരുമാനമെടുത്തത് ഇരുപത്തിയൊമ്പതാം വയസ്സിലാണെന്നും അതെന്റെ സ്വന്തം തീരുമാനമാണെന്നും പറഞ്ഞപ്പോൾ അയാൾക്കത്ഭുതമായി. എല്ലാ പ്രായത്തിലും എല്ലാ അവസ്ഥയിലും നിന്ന് ദൈവം അവന്റെ ജോലിക്ക് മനുഷ്യരെ വിളിക്കാറുണ്ട് എന്ന് ഞാനയാൾക്ക് വിശദീകരിച്ചുകൊടുത്തു.

ചെറുപ്പംമുതലേ അച്ചനാകണമെന്നൊക്കെ മനസ്സിൽ തോന്നിയിരുന്നെങ്കിലും പി.ഡി.സി. കാലത്ത് അത് എന്റെ കഴിവിനപ്പുറമാണെന്ന ചിന്ത എങ്ങനെയോ മനസ്സിൽ കടന്നുകൂടി. അതിനുള്ള വിശുദ്ധിയും നന്മയുമൊന്നും എനിക്കില്ലെന്ന ചിന്ത പതിയെ മനസ്സിൽ കയറിക്കൂടിയപ്പോൾ അധ്യാപനമാണെന്റെ വിളിയെന്ന് കരുതാൻതുടങ്ങി. എങ്കിലും ഉള്ളിന്റെ ഉള്ളിൽ "ഈശോയെ നീയെന്നെ വിളിക്കുന്നെങ്കിൽ ഞാൻ തയാറാണ്" എന്ന് ഞാനാവർത്തിച്ചു പറയുമായിരുന്നു. കട്ടപ്പനയ്ക്കടുത്ത് ഉപ്പുതറയിൽ ഒരു ഹയർസെക്കൻഡറി സ്കൂൾ അധ്യാപകനായിരുന്നപ്പോൾ ഈശോയെന്നെ വൈദികനാകാനാണ് വിളിക്കുന്നതെന്ന സത്യം കൂടുതൽ വ്യക്തമാകാൻ തുടങ്ങി. ഒരുപക്ഷേ, അവിടുത്തെ പള്ളിയിൽ സ്ഥിരമായി തനിച്ചു ചെലവഴിച്ചിരുന്ന മണിക്കൂറുകൾ അവന്റെ ശബ്ദം കേൾക്കത്തക്ക വിധത്തിൽ എന്നെ ശാന്തമാക്കിയതാവാം. സീറോമലബാർ സഭയിൽ ജനിച്ച എന്നെ മലങ്കരസഭയിൽ മൂവാറ്റുപുഴ രൂപതയിലേക്കാണ് സാഹചര്യങ്ങളിലൂടെ ഈശോ നയിച്ചത്.

മൈനർസെമിനാരി ജീവിതം ഒരുതരത്തിൽ ഒരുവലിയ വെല്ലുവിളിയും മറ്റൊരുതരത്തിൽ വലിയ അനുഗ്രഹവുമായിരുന്നു. എന്റെ അതേ പ്രായക്കാരനായിരുന്ന റെക്ടറും വൈസ്റെക്ടറും എന്റെ പകുതി പ്രായം മാത്രമുള്ള മറ്റു സെമിനാരിക്കാരും. എന്നെ സെമിനാരിയിലേക്കു സ്വീകരിച്ച കൂറിലോസ് പിതാവിന്റെ വാക്കുകളെനിക്ക് വളരെ സഹായകരമായി. അവർക്ക് മുപ്പതുവയസ്സുകാരന്റെ രീതിയിൽ ചിന്തിക്കാൻ കഴിയില്ല. എന്നാൽ ഷോജിക്ക് അവരെ മനസ്സിലാക്കാൻ കഴിയണം. ദൈവം മനുഷ്യനായതിന്റെ അർത്ഥം കുറെയെങ്കിലും മനസ്സിലായത് അക്കാലത്താണ്. ഞാനേറെ സ്നേഹിച്ചിരുന്ന അധ്യാപനവും സൗഹൃദങ്ങളും ഉപേക്ഷിക്കുക എനിക്ക് വെല്ലുവിളിയായി തോന്നിയിരുന്നെങ്കിലും നൂറിരട്ടിതരുന്ന സ്നേഹം എന്നും വിശ്വസ്തമായിരുന്നു.

തിരുവനന്തപുരത്തും നാഗ്പൂരുമായിട്ടായിരുന്നു തത്ത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ. രണ്ടിടത്തും ഈശോ ബോധ്യങ്ങളിലൂടെ വഴിനടത്തുന്നത് അനുഭവിക്കാൻ കഴിഞ്ഞു. തിരുവനന്തപുരം സെമിനാരിയിൽ ജയിൽ മിനിസ്ട്രിയുമായിച്ചേർന്നു പ്രാർഥിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞത് ഒരു വലിയ അനുഭവമായിരുന്നു. നാഗ്പൂരിൽവച്ച് ലഭിച്ചത് ഇന്ത്യയിലെ മിഷൻ വയലുകളെപ്പറ്റിയുള്ള നേരിട്ടുള്ള അറിവുകളായിരുന്നു. നേപ്പാൾ അതിർത്തിയിലുള്ള ബേതൃയും മധ്യപ്രദേശിലെയും മഹാരാ





ഷ്ട്രയിലെയും ഗ്രാമങ്ങളും ചേരികളുമെല്ലാം "വിളവധികം വേലക്കാരോ ചുരുക്കം" എന്ന് ഇപ്പോഴും വിളിച്ചുപറയുന്നു.

സ്കൂളിൽനിന്ന് പോകുമ്പോൾ ജോലി രാജിവയ്ക്കാത്തത് കോർപറേറ്റ് മാനേജരുടെ നിർബന്ധം മൂലമായിരുന്നു. എന്നാൽ ഞാൻ ഏറെ സ്നേഹിച്ചിരുന്ന അധ്യാപനത്തോട് എന്നന്നേയ്ക്കുമായി വിട പറയുകയാണെന്നാണ് ഞാൻ കരുതിയത്. എന്നാൽ വീണ്ടും അതേ സ്കൂളിൽ ഒന്നരവർഷം കൂടി പഠിപ്പിക്കാൻ ദൈവം കൃപതന്നു. പിന്നീടാണ് തിരുവനന്തപുരത്ത് മാർ ഇവാനിയോസ് കോളജിലേക്ക് ക്ഷണം കിട്ടിയത്. ദൈവരാജ്യത്തെ പ്രതി ഉപേക്ഷിക്കുന്നവർക്ക് നൂറിരട്ടി തരും എന്നുപറഞ്ഞത് എത്രശരിയാണെന്ന് ഓരോ ദിവസവും അതെന്നെ ഓർമിപ്പിക്കുന്നു.

യേശുവിന് ആരെങ്കിലും ജീവിതം കൊടുക്കുമ്പോൾ അത് പാഴാക്കിക്കളയലാണെന്ന് എന്നും ലോകം പറയും. എന്നാൽ സുവിശേഷപ്രഘോഷണത്തിൽ ആ പാഴാക്കിക്കളയലിന് ഒരു വലിയ മൂല്യമുണ്ട്. മത്തായി 26:6-13-ൽ പറയുന്നതുപോലെ സുവിശേഷം അത്തരം പാഴാക്കലുകളിലൂടെയൊക്കെ പ്രഘോഷിക്കപ്പെട്ടിട്ടുണ്ട്.

ഞാൻ ജീസസ്‌യൂത്തിനെ പരിചയപ്പെടുന്നത് 89-ലെ ക്യാംപസ് മീറ്റിലൂടെയും എസ്.ബി. കോളജിലെ പ്രയർഗ്രൂപ്പിലൂടെയുമായിരുന്നു. എന്നാൽ ഒത്തിരി തകർച്ചകളിലൂടെ കടന്നുപോയ പിന്നീടുള്ള കുറേവർഷങ്ങളിൽ ഒരു പ്രാർഥനാഗ്രൂപ്പൊക്കെ എനിക്കപ്രാപ്യമായിരുന്നു. ഇപ്പോൾ മനസ്സിലാകുന്നുണ്ട് അതൊക്കെ ഈശോ ഭാവിക്കുവേണ്ടി നടത്തിയ ഒരുക്കലായിരുന്നെന്ന്. മുറിവേറ്റ വൈദ്യനാണ് യേശുവെന്നും അവന്റെ മുറിവിനോട് നമ്മുടെ മുറിവു ചേർത്തുവയ്ക്കുമ്പോൾ അനേകരുടെ മുറിവിനു സൗഖ്യമേകാൻ ദൈവം നമ്മെ ഉപയോഗിക്കുമെന്നും കാലത്തിലൂടെ ദൈവം തെളിയിച്ചു. ക്യാംപസിനോടും പ്രഫഷനലുകളോടും ചേർന്നു പ്രവർത്തിക്കുമ്പോൾ അവരെ അധികം മനസ്സിലാക്കാൻ എന്നെ ഒരുക്കുകയായിരുന്നു ആ അനുഭവങ്ങളിലൂടെ. വളരെയേറെ സൗഖ്യമാവശ്യമായിരുന്ന എന്നെ സുഖപ്പെടുത്താൻ ദൈവമുപയോഗിച്ച മറ്റൊരു മാർഗം അലക്സ് പയ്യമ്പള്ളിലച്ചനും അച്ചന്റെ കൊച്ചു പ്രയർഗ്രൂപ്പുമായിരുന്നു. ഷോജി വെറുതെ യേശുവിന്റെ അടുത്തിരുന്ന് "യേശുവേ എന്നെ സുഖപ്പെടുത്തണമേ"യെന്നു പ്രാർഥിക്കാൻ അച്ചൻ പറയുമായിരുന്നു. ആയിരിക്കുന്നതുപോലെ എന്നെ സ്വീകരിക്കുന്ന, നിർത്താതെ, നിലയ്ക്കാതെ സ്നേഹിക്കുന്ന ദൈവസ്നേഹം അനുഭവിക്കാൻ തുടങ്ങിയപ്പോൾ മാത്രമാണ് സ്വയം സ്വീകരിക്കാനും തുറന്നു സ്നേഹിക്കാനുമൊക്കെ പഠിച്ചുതുടങ്ങിയത്.

ജീസസ്‌യൂത്ത് എന്നത്തേതുമെന്നതുപോലെ ഇന്നും എന്റെ ജീവിതത്തിന്റെ ഭാഗമാണ്. ഇന്നും ഞാൻ കഴിയുമ്പോഴൊക്കെ കോളജ് പ്രയർഗ്രൂപ്പിൽ പങ്കെടുക്കാറുണ്ട്. ഒരു വിറക് തനിയെ കത്തിയാൽ കെട്ടുപോകുമെന്നും പല കഷണങ്ങൾ ചേർത്തുവച്ചുകത്തിക്കുമ്പോൾ എല്ലാം ജ്വലിക്കുമെന്നും ഓരോദിവസവും അതെന്നെ ഓർമിപ്പിക്കുന്നു. അനേകരുടെ വിശ്വാസത്തിന്റെ സാക്ഷ്യത്തിലൂടെ എന്റെ വിശ്വാസം ജ്വലിക്കുന്നത് ഞാനെന്നും അനുഭവിക്കുന്നു. പല മരണത്തിന്റെ താഴ്‌വരകളിലും യേശുവിന്റെ കരം എന്നെ ചേർത്തുപിടിച്ചത് ജീസസ്‌യൂത്തിലൂടെയായിരുന്നു.

ഈയിടെ കണ്ട ഒരു വിഡിയോ ക്ലിപ്പിങ്ങിനെക്കുറിച്ചു പറഞ്ഞവസാനിപ്പിക്കാം. അൾജീരിയയിൽ മിഷൻപ്രവർത്തനത്തിനെത്തുന്ന ക്രിസ്തീയ സന്യാസിനികൾ. പിന്നീട് രക്തസാക്ഷികളാകുന്ന അവരോട് ഒരാൾ ചോദിക്കുകയാണ് "നിങ്ങളെന്നെങ്കിലും സ്നേഹത്തിൽ വീണിട്ടുണ്ടോ?" ആ സന്യാസിയുടെ മറുപടി: "ഉവ്വ്, അനേകം തവണ, കൂടുതൽ വലിയൊരു സ്നേഹം എന്നെ സ്വന്തമാക്കുന്നതുവരെ". ഓരോ ദൈവവിളിയിലും ഇതു ശരിയാണ്. പണത്തോട്, ജോലിയോട്, വീടിനോട് ഒക്കെ പ്രണയത്തിലായിരിക്കുന്ന ഒരാൾ ഒരു വലിയ സ്നേഹത്താൽ മൂടപ്പെടുന്നതാണ് ദൈവവിളി. അത് ബ്രഹ്മചര്യമാകാം, വിവാഹമാകാം. അവനോട് സ്നേഹത്തിലാണെന്നതാണ് അയാളെ വ്യത്യസ്തനാക്കുന്നത് ■



## കവർസ്റ്റോറി

അരുൺ ആന്റണി

# വിശ്വാസത്തിന്റെ മിന്നലൊളികൾ

നവസുവിശേഷവത്ക്കരണവുമായി ബന്ധപ്പെട്ട സിനഡിലൂടെ സുവിശേഷപ്രഘോഷണത്തിന്റെ രണ്ടുഘടകങ്ങളെക്കുറിച്ചുള്ള ധാരണകൾ വീണ്ടും ഉറപ്പിക്കപ്പെട്ടിട്ടുണ്ട്. 'കൺഫെസിയോ' (Confessio), 'കാരിത്താസ്' (Caritas) എന്നിവയാണവ. സ്വന്തം വിശ്വാസത്തെക്കുറിച്ചുള്ള ഏറ്റുപറച്ചിലും, വിശ്വാസജീവിതത്തിന്റെ പ്രകാശനങ്ങളായ ഉപവിപ്രവർത്തനങ്ങളും. വിശ്വാസവർഷത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിലെ ജീസസ്‌യൂത്ത് മുന്നേറ്റത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ ഇത്തരത്തിൽ വിലയിരുത്താവുന്ന നിരവധി തുടക്കങ്ങളും തുടർപരിപാടികളും വ്യക്തികളിൽ നിന്നും കൂട്ടായ്മകളിൽനിന്നും ഉണ്ടാകുന്നതുകാണാം. പ്രത്യേകപരിശീലനങ്ങളും അവസരങ്ങളും സിദ്ധിക്കാതെ, നിത്യജീവിതത്തിന്റെ ഭാഗമായി, വിശ്വാസത്തെ കൂടെക്കൂട്ടുന്ന ധാരാളം യുവജനങ്ങൾ നമുക്കു മുന്നിലുണ്ട്. അങ്ങനെയുള്ള ചില വ്യക്തികളെയും സംഭവങ്ങളെയും ഇവിടെ അടയാളപ്പെടുത്തുകയാണ്. ഒട്ടും അസാധാരണമല്ലാത്ത, വലിയ പ്രത്യേകതകൾ അവകാശപ്പെടാനില്ലാത്ത ചിലത്. ഇതിലൂടെ കടന്നുപോകുമ്പോൾ സാധാരണമായ സാഹചര്യങ്ങളിലും ചില ലളിതമായ കാര്യങ്ങൾ ചെയ്യാൻ നമുക്കും കഴിയില്ലേ എന്നു തോന്നിയേക്കാം. നമ്മുടെ മനോഭാവങ്ങളിൽ, ചിന്തകളിൽ, വാക്കുകളിൽ, പ്രവൃത്തികളിൽ എവിടെയെങ്കിലുമൊക്കെ വിശ്വാസം പ്രകാശിക്കപ്പെടുന്നുണ്ടോ എന്ന് പരിചിന്തിക്കുകയും ചെയ്യാം.

### കമ്പനി മേധാവിയും മെഡിക്കൽ വിദ്യാർഥിനിയും മതാധ്യാപകരാകുമ്പോൾ...

വളരെ തിരക്കുള്ള ഒരു കമ്പനിയുടെ മേധാവിക്ക് മതാധ്യാപകന്റെ വേഷം ചേരുമോ? എറണാകുളത്തെ ആർക് പവർ കൺട്രോൺസിന്റെ ഡയറക്ടറായ ബിനു അഗസ്റ്റിനാണ് അത്തരമൊരു വേഷപ്പകർച്ച സാധ്യമാണെന്നു തെളിയിക്കുന്നത്. സീനിയർ ജീസസ്‌യൂത്തും ക്യാംപസ് മിനിസ്ട്രിയുടെ മുൻ കേരളാ കോ-ഓർഡിനേറ്ററുമായിരുന്ന അദ്ദേഹം കാക്കനാട് ഇടവകയിൽ ഒൻപത്, പതിനൊന്ന് എന്നീ ക്ലാസ്സുകളിൽ വേദപാഠം പഠിപ്പിക്കുകയാണ്. ശനി, ഞായർ ദിവസങ്ങളാണ് ഇതിനായി മാറ്റിവച്ചിരിക്കുന്നത്. അൻപതോളം കുട്ടികളുമായി വിശ്വാസത്തെക്കുറിച്ച് പങ്കുവയ്ക്കാൻ ലഭിക്കുന്ന ഈ അവസരം അദ്ദേഹം നന്നായി പ്രയോജനപ്പെടുത്തുന്നു. പവർപോയിന്റും മറ്റു മോഡേൺ ടെക്നോളജികളുമുപയോഗിച്ച് വളരെ ആകർഷകമായാണ് ഈ ക്ലാസുകൾ ബിനു അണിയിച്ചൊരുക്കുന്നത്. ഒരുദിവസം പോലും മുടങ്ങാതെ വേദപാഠത്തിനു വരാൻ മിക്ക കുട്ടികളും താത്പര്യം കാണിക്കുന്നുവെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. കൊല്ലം ടി.കെ.എം. എൻജിനീയറിങ്ങ് കോളജിൽ പഠിച്ചിരുന്ന കാലത്ത് നിരവധി ചെറുപ്പക്കാരെ ദൈവാനുഭവത്തിൽ വളരാൻ സഹായിച്ച ബിനുവിന്റെ വിശ്വാസതീക്ഷ്ണത ഇപ്പോഴും അതേപോലെ തുടരുന്നു.

കളമശ്ശേരി കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജ് ഫൈനൽ ഇയർ എം.ബി.ബി.എസ്. വിദ്യാർഥിനിയായ ലിയയും ഇത്തരത്തിൽ ഒരു മാതൃക സൃഷ്ടിക്കുന്നുണ്ട്. തിരുവനന്തപുരം സ്വദേശിനിയായ ഈ പെൺകുട്ടി സെന്റ് പോൾസ് ഇടവകയിലെ മതാധ്യാപികയാണ്. പഠനത്തിന്റെ തിരക്കിനിടയിലും എല്ലാ ഞായറാഴ്ചയും കാലത്ത് സെന്റ് പോൾസ് ദേവാലയത്തിൽ ലിയയെ കാണാം. മുൻമെഡിക്കൽ എൻജിനീയറിങ് സ്റ്റുഡന്റ്സ് ടീം മെംബറാണ് ഈ മിടുക്കി. ജീസസ്‌യൂത്ത് അംഗങ്ങളിൽ ഒട്ടനവധിപേർ മതാധ്യാപകരായുണ്ടെന്നത് സന്തോഷകരമാണ്.

### മെന്റേഴ്സിന് ഒരു മാതൃക

നാലുപേരെ വിശ്വാസവഴിയിൽ മുന്നേറാൻ ഒരാൾ സഹായിക്കുന്നത് എങ്ങനെയെന്നോ? എല്ലാദിവസവും ഓരോരുത്തരുമായും ഇ-മെയിലിൽ ബന്ധപ്പെടൽ, വിശേഷങ്ങൾ അറിയിക്കൽ, മൂന്നാഴ്ചയ്ക്കുള്ളിൽ പരസ്പരം കണ്ടുമുട്ടൽ, വ്യക്തിപരമായ പങ്കുവയ്ക്കലുകൾ, ഓരോ വ്യക്തിയുടെയും പശ്ചാത്തലം മനസ്സിലാക്കിക്കൊണ്ടുള്ള മാർഗനിർദേശം നൽകൽ... തിരുവനന്തപുരത്തെ സെൻട്രൽ പ്രെയർഗ്രൂപ്പിന്റെ പ്രധാനലീഡറും മുതിർന്ന ജീസസ്‌യൂത്തുമായ ടോംസ് മൈക്കിളാണ് ഇത്തരത്തിൽ മെന്റേഴ്സിനു തന്നെ മാതൃകയാവുന്നത്. തിരുവനന്തപുരം എസ്.ബി.ഐ. ഉദ്യോഗസ്ഥനായ ഇദ്ദേഹം ജോലിക്കു പോകുന്നതിനു മുമ്പായി മുക്കാൽമണിക്കൂർ ദിവ്യകാരുണ്യാരാധനയ്ക്കായി ചെലവഴി

ക്കാറുണ്ട്. ഓരോ ദിവസവും നാലുപേരിൽ ഓരോരുത്തർക്കും വേണ്ടി പ്രാർഥിക്കും. ഇവർക്കുവേണ്ടി ലഭിക്കുന്ന വ്യക്തിപരമായ ദൈവികസന്ദേശങ്ങൾ അറിയിക്കുകയും ചെയ്യും. നിരവധിപേരുടെ വിശ്വാസജീവിതത്തെ ഇത്തരത്തിൽ പിൻതുടരാനും അനേകരെ ശിഷ്യത്വത്തിലേക്കു വളർത്താനും ടോംസ് മൈക്കിളിനു സാധിക്കുന്നുണ്ട്. അദ്ദേഹത്തെപ്പോലെ മറ്റുള്ളവരെ സഹായിക്കുന്നതിൽ പ്രതിബദ്ധത പുലർത്തുന്നവർ കൂടുതൽ ഉണ്ടായിവരുന്നു.

## വിശ്വാസവർഷ ചലനങ്ങൾ സെന്റ് ആൽബർട്സിൽ

വിശ്വാസവർഷവുമായി ബന്ധപ്പെട്ട് എറണാകുളത്തെ ആൽബർട്സ് കോളജിൽ ജീസസ്‌യൂത്ത് പ്രെയർഗ്രൂപ്പിന്റെ നേതൃത്വത്തിൽ നിരവധികാര്യങ്ങൾ നടന്നു. 'ഹാനുക്കാഹ്' എന്ന പേരിൽ കഴിഞ്ഞ ജനുവരിയിൽ ബൈബിൾ ഫിലിം ഫെസ്റ്റിവലിൽ ക്വവാദിസ്, ബെൻഹർ, നേറ്റിവിറ്റി സ്റ്റോറി, ദ റോബ് തുടങ്ങിയ സിനിമകൾ പ്രദർശിപ്പിച്ചു.

പി.ഒ.സി.യോടും സേവ്യർബോർഡിനോടും ചേർന്ന് 'ഫിദെഷ് 2013' എന്ന വിശ്വാസവർഷ ബൈബിൾ ക്വിസ് സംഘടിപ്പിച്ചതായിരുന്നു മറ്റൊന്ന്. കേരളതലത്തിൽ നടത്തപ്പെട്ട ക്വിസ്സിൽ നിരവധി കോളജുകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്തു. ആധുനികസാങ്കേതിക വിദ്യകളുടെ സഹായത്തോടെ റവ. ഫാ. ജോളി വടക്കനാണ് ക്വിസ് മാസ്റ്ററായി ഈ പരിപാടി നടത്തിയത്. പങ്കെടുത്ത കുട്ടികൾക്ക് സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും വിതരണം ചെയ്തു. പ്രിൻസിപ്പലിനൊപ്പം ചേർന്നുനടത്തിയ 'ഫെയ്ത്ത് ടൂറും' വ്യത്യസ്തമായ ഒരനുഭവമായി. കൊടുങ്ങല്ലൂർ സെന്റ് തോമസ് തീർഥാടനകേന്ദ്രത്തിലാണ് കൂട്ടുകാർ സന്ദർശനം നടത്തിയത്. ജീസസ്‌യൂത്ത് പ്രെയർഗ്രൂപ്പ് കോ-ഓർഡിനേറ്ററും മൂന്നാംവർഷ ബി.കോം. വിദ്യാർഥിനിയുമായ ഹിമ ഡേവിഡും സുഹൃത്തുക്കളുമാണ് ഈ പരിപാടികൾക്കെല്ലാം നേതൃത്വം നൽകിയത്.

## 'വൺ മന്ത് മിഷൻ കമിറ്റ്മെന്റ്'

ഛത്തീസ്ഗഢിലെ അംബികാപൂരിൽ നവാപാര ഇടവകയിലേയ്ക്കാണ് തൃശൂരുനിന്നും മനോജ്പോളും ഭാര്യ ആഗ്നസ് പോളും മക്കളായ അർപ്പിതാ മരിയ, അനുഗ്രഹ തെരേസ് എന്നിവരോടൊപ്പം കഴിഞ്ഞ ഏപ്രിലിൽ ഒരുമാസത്തെ മിഷൻ പ്രവർത്തനത്തിനായി യാത്ര തിരിച്ചത്. ഹിന്ദിയും ഇംഗ്ലീഷും നന്നായി അറിയാത്ത മനോജ് പോൾ നീക്കിയിരിപ്പൊന്നുമില്ലാത്ത ഒരു സാധാരണ ദിവസക്കൂലിത്തൊഴിലാളിയാണ്. കൾചറൽ എക്സ്ചേഞ്ചിൽ കണ്ടുപരിചയപ്പെട്ടവരുടെ വിശ്വാസപശ്ചാത്തലം മനസ്സിലാക്കാനുള്ള ആഗ്രഹവും അവർക്കുവേണ്ടി പ്രാർഥിക്കാനും പ്രവർത്തിക്കാനുമുള്ള തീക്ഷ്ണതയുമാണ് അദ്ദേഹത്തെ പ്രചോദിപ്പിച്ചത്. ചൂടിനെക്കുറിച്ചും നക്സലൈറ്റ് ആക്രമണത്തെപ്പറ്റിയുമൊക്കെ പലരും പറഞ്ഞ് ഭയപ്പെടുത്തിയെങ്കിലും ധൈര്യപൂർവം മുന്നോട്ടുപോയി. വൈദ്യുതിയും വഴിയുമില്ലാത്ത ഇടങ്ങളിലൂടെ വില്ലേജുകളിലെ കുടുംബങ്ങൾ സന്ദർശിച്ചതും അവരോടൊപ്പം കഴിഞ്ഞതും പ്രാർഥിച്ചതും വലിയൊരനുഭവമായി. വൈദികരുടെയും ദേവാലയങ്ങളുടെയും കുറവുമൂലം വിശ്വാസവളർച്ചയിൽ പോരായ്മകൾ സംഭവിക്കുന്നുവെങ്കിലും നമ്മേക്കാൾ എത്രയോ അധികം ബോധ്യങ്ങൾ അവരിൽ പലരും സൂക്ഷിക്കുന്നുവെന്ന് അടുത്തറിയാൻ സാധിച്ചു. നാല്പത്താറ് ഡിഗ്രി സെൽഷ്യസ് ചൂട് കുട്ടികൾക്ക് ചില പ്രശ്നങ്ങൾ ഉണ്ടാക്കിയെങ്കിലും അതിനെ അതിജീവിക്കാനുള്ള കരുത്ത് ദൈവം നൽകി. 'കുട്ടികൾക്ക് ഹയർ സ്റ്റഡീസൊക്കെ പുറത്ത് കൊടുക്കണം. അവർക്ക് പല ഭാഷകളിൽ സുവിശേഷം പങ്കുവയ്ക്കാൻ കഴിയണം' എന്നതാണ് ഹൈന്ദവപശ്ചാത്തലത്തിൽ വളർന്ന് കത്തോലിക്കാവിശ്വാസം സ്വീകരിച്ച മനോജ് പോളിന്റെ വലിയൊരു സ്വപ്നം.

## തരകനാട്ടുകുന്ന് ഇടവകയിൽ ഇതു വസന്തകാലമാണ്...

ജീസസ്‌യൂത്ത് കേരളാടീം മുൻ മെമ്പറായ കാഞ്ഞിരപ്പള്ളി ജോസ് കുര്യന്റെ ഇടവകയാണിത്. പള്ളി പുതുക്കിപണിതുകൊണ്ടിരിക്കുന്ന സമയത്ത്, എല്ലാവർക്കും കൂടുതൽ ആവേശം ഉണ്ടാകുന്ന എന്തെങ്കിലും ചെയ്യണമെന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. അപ്പോഴാണ് ആലുവയിൽ നടന്ന 'കൊയ്നോനിയ' ട്രെയിനിങ് പ്രോഗ്രാമിൽ ആ ഇടവകയിൽ നിന്നുള്ള എബിൻ മാത്യു പങ്കെടുക്കാനിടയായത്. എബിൻ തിരിച്ചുവന്നപ്പോൾ അവർ ഒരുമിച്ച് വീണ്ടും ആലോചിക്കുകയും പ്രാർഥിക്കുകയും ചെയ്തു. പന്തക്കുസ്ത തിരുനാളിന് ഒരുക്കമായി പത്തൊൻപതുദിവസം തുടർച്ചയായി ബൈബിൾപാരായണം നടത്തുകയെന്ന ആശയം അങ്ങനെ രൂപപ്പെട്ടതാണ്. യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയൊന്നാകെ ഉണർന്നു. മെയ് ഒന്നിനുതുടങ്ങി എല്ലാദിവസവും രാവിലെ 8 മുതൽ വൈകുന്നേരം 7 വരെ ബൈബിൾ പാരായണം നടന്നു. മൂന്നു പ്രാവശ്യമെങ്കിലും വി. ഗ്രന്ഥം പൂർണമായും വായിച്ചിട്ടുണ്ടാകും. അതിനുശേഷം എല്ലാ മാസവും മൂന്നുമണിക്കൂർ നീളുന്ന ഒരു സായാഹ്ന വചനശുശ്രൂഷയും നടക്കുന്നു.

ഫൊറോനയിലെ മറ്റെല്ലാ ഇടവകകളിലും ഈ മാതൃകയുൾക്കൊണ്ട് ബൈബിൾ പാരായണം സംഘടിപ്പിച്ചിരിക്കുകയാണ്.

## സ്ട്രീറ്റ് ബേർഡ്സ്

വിശ്വാസത്തിൽ ആഴപ്പെടാൻ പ്രാർഥനയും പഠനവും മാത്രമല്ല, പരിശീലനവും ആവശ്യമാണെന്ന ചിന്തയിൽനിന്നാണ് എറണാകുളത്തെ ഒരു കൂട്ടം പ്രൊഫഷനൽ യുവാക്കൾ സ്ട്രീറ്റ് ബേർഡ്സ് എന്ന ഔട്ട്റീച്ച് ആരംഭിച്ചത്. ഡോക്ടർ സൈമൺ, എൽദോസ്, ജിൻസ് ഇടുക്കി, ജയിംസ്, സാജൻ തുടങ്ങി ഏതാനും ചെറുപ്പക്കാർ ജോലി ബഹളങ്ങളെല്ലാം കഴിഞ്ഞ് സായാഹ്നത്തിൽ ഇടപ്പള്ളിക്കു സമീപത്ത് ഒരു വീട്ടിൽ ഒത്തുചേരും. ഭക്ഷണപദാർഥങ്ങൾ സ്വന്തം കൈകൊണ്ടു പാകപ്പെടുത്തി 30-40 പൊതികളാക്കും. വൈകിട്ട് എട്ടുമണിയോടെ എറണാകുളം നോർത്ത്, കലൂർ, റയിൽവേ സ്റ്റേഷനുകൾ, ബസ്സ്റ്റാൻഡുകൾ എന്നിവിടങ്ങളിലേക്ക് രണ്ടുപേർ ചേർന്ന സംഘങ്ങൾ ഭക്ഷണപ്പൊതികളുമായി പോകും. തെരുവിൽ അലഞ്ഞുതിരിയുന്നവരെയും പട്ടിണിപ്പാവങ്ങളെയുമെല്ലാം അവരുടെ സമീപത്ത് ചെന്നു കാണും. സ്നേഹത്തോടെ അവരോടു സംസാരിക്കുകയും ഭക്ഷണം നൽകുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യും. മാസത്തിൽ രണ്ടാഴ്ചകളിൽ സ്ട്രീറ്റ് ബേർഡ്സിനായി ഒത്തുചേർന്നുപ്രാർഥിക്കുകയും രണ്ടാഴ്ചകളിൽ ഭക്ഷണപ്പൊതികളുമായി തെരുവിലേയ്ക്കുപോകുകയുമാണ് ഇവരുടെ രീതി. അത്തരത്തിൽ കണ്ടുമുട്ടുന്നവരിൽ പലരെയും ആശുപത്രികളിലെത്തിക്കാനും മറ്റ് ആവശ്യമായ സഹായങ്ങൾ ചെയ്യാനും ധ്യാനങ്ങൾക്കു പറഞ്ഞുവിടാനുമെല്ലാം ഈ യുവസുഹൃത്തുക്കൾ ഉൽസാഹിക്കുന്നുണ്ട്.

## വിശ്വാസാനുഭവ പരിശീലന കേന്ദ്രമായി ടെക്നോപാർക്ക്

കഴിഞ്ഞ മുപ്പത്തിമൂന്ന് മാസങ്ങളായി, എല്ലാ ആദ്യവെള്ളിയാഴ്ചകളിലും വൈകിട്ട് 9 മുതൽ വെളുപ്പിന് 5 വരെ കഴക്കൂട്ടം പള്ളിയിൽ ടെക്നോപാർക്കിലെ ജീസസ്‌യൂത്തിന്റെ നേതൃത്വത്തിൽ നൈറ്റ് വിജിൽ നടക്കുന്നുണ്ട്. അൻപതിലധികം യുവജനങ്ങൾ അതിൽ പങ്കെടുക്കുന്നു. വചനപ്രഘോഷണവും യുവജനമതബോധനഗ്രന്ഥപഠനവുമെല്ലാം ഇതിലുൾപ്പെടും. ജീസസ്‌യൂത്ത് അംഗങ്ങൾക്കു പുറമേ, മറ്റുള്ളവരും ഇവിടെ എത്തിച്ചേരാറുണ്ട്. തിരുവനന്തപുരത്തിനു ചുറ്റുമുള്ള ഇടവകകളിലെ പ്രാർഥനാഗ്രൂപ്പുകൾ സന്ദർശിക്കാനും അവിടുത്തെ യുവജനങ്ങളോടൊപ്പം ചെലവഴിക്കാനും ഇവർ സമയം കണ്ടെത്താറുണ്ടെന്നുള്ളതാണ് മറ്റൊരു പ്രധാനകാര്യം. വിശ്വാസപ്പങ്കുവയ്ക്കലിന് ഉപകരിക്കുന്ന സാങ്കേതികമായ സഹായങ്ങൾ - വിഡിയോ ഡൗൺലോഡിങ്, എഡിറ്റിങ്, അവ ആവശ്യാനുസരണം എത്തിച്ചുകൊടുക്കൽ - എന്നിങ്ങവന പലതും ഇവർ ചെയ്യുന്നു. പതിനൊന്നു നിലകളുള്ള ഇൻഫോസിസിൽ മിക്കവാറും ഫ്ളോറുകളിൽ ജീസസ്‌യൂത്ത് അംഗങ്ങൾക്കിടയിൽ റോസറി-ചെയിനുകൾ നടക്കുന്നു. അൻപതോളംപേർ അതിൽ പങ്കാളികളാവുന്നുണ്ട്. ഇപ്പോഴിതാ, ഒരു ദൈവവിളിയും ടെക്നോപാർക്ക് ജീസസ്‌യൂത്ത് ഗ്രൂപ്പിൽനിന്ന് ഉണ്ടായിരിക്കുന്നു. അവിടെ എൻജിനീയറായ ഒരു പെൺകുട്ടി ജോലി രാജിവച്ച് കർമലീത്താമഠത്തിൽ ചേരാനുള്ള ആലോചനയിലാണ്.

## സോണിയ സാബു പകർന്ന വിശ്വാസവെളിച്ചം

ക്യാൻസർ ബാധിതയായി കഴിഞ്ഞദിവസം മരിച്ച ചങ്ങനാശേരി കടന്തോട് സാബുവിന്റെ ഭാര്യ സോണിയ ജീസസ്‌യൂത്തിലെ സോണൽ ഓഡിയോ-വിഷ്വൽ, ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. അവർ കൈമാറിയ വിശ്വാസവും പ്രത്യാശയും സ്നേഹവും മക്കളിലൂടെ വെളിപ്പെട്ടപ്പോൾ സോണിയയും ലോകത്തിനുമുന്നിൽ തേജസുറ്റവളായി. കുട്ടികൾ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുമ്പോൾത്തന്നെ സ്വന്തം കണ്ണുകൾ മരണശേഷം ദാനം ചെയ്യുന്നതിനെക്കുറിച്ച് സോണിയ മക്കളോട് പറഞ്ഞിരുന്നു. എന്നാൽ, രോഗശയ്യയിലായിരുന്ന അവർ നേത്രദാനത്തിന്റെ സമ്മതപത്രം നൽകാതെ മൃതിയടഞ്ഞു. അപ്പോഴാണ് മക്കളായ ക്രിസ്റ്റി (പത്താംക്ലാസ്), ഇമ്മാനുവേൽ (ആറാംക്ലാസ്) എന്നിവർ അമ്മയുടെ ആഗ്രഹത്തെക്കുറിച്ച് ഡോക്ടേഴ്സിനെ അറിയിച്ചത്. അവരുടെ ഇടപെടലിനുമുന്നിൽ നിയമക്കുരുക്കുകൾ അഴിക്കപ്പെട്ടു. ഇന്ന് സോണിയയുടെ കണ്ണുകൾ ലോകത്ത് വീണ്ടും പ്രഭ വിതറിക്കൊണ്ടു ജീവിക്കുകയാണ്.

വിശ്വാസത്തിൽ നിലനിൽക്കുന്നവരും അതു പങ്കുവച്ചുവളരുന്നവരുമായ യുവജനങ്ങളുടെയും കൂട്ടായ്മകളുടെയും കഥകൾ അവസാനിക്കുന്നില്ല. അറിഞ്ഞും അറിയാതെയും നമ്മുടെ ചുറ്റുപാടുകളിൽ എത്രയോ പേർ സാർഥകമായി ജീവിക്കുന്നവരുണ്ട്. മറ്റാരുമറിയാതെ വളരെ രഹസ്യമായി നന്മകൾ ചെയ്തു കടന്നുപോകുന്നവരും കുറവല്ല. വിശ്വാസവർഷം അവസാനിക്കാൻ ഇനിയും ദിവസങ്ങൾ ബാക്കിയുണ്ട്. അഥവാ ഈ പ്രഖ്യാപിത വർഷം അവസാനിച്ചാൽ തന്നെയും ഇതുണർത്തുന്ന ചിന്തകളും ചൈതന്യവും കൈമോശം വരാതെ മുന്നോട്ടുപോവാൻ നമുക്കു കഴിയുമല്ലോ? ■

# മിഷൻ നഴ്സസ് 2103



Linda Lidiya K.C



Divya Abraham



Judy George

## ആതുരശുശ്രൂഷയെന്ന പ്രേഷിതവേല

മിഷൻ നഴ്സസ് പ്രോജക്ടിന്റെ ഭാഗമായുള്ള ട്രെയിനിങ്ങിൽ ഞങ്ങൾ 18 പേരാണ് ഉണ്ടായിരുന്നത്. ട്രെയിനിങ്ങിന്റെ ഓരോ ഭാഗവും എനിക്കായിതന്നെ ഒരുക്കിയതുപോലെയായിരുന്നു. ആ പതിനഞ്ചുദിവസങ്ങളിലെ ബോധ്യങ്ങളും ഒപ്പമുണ്ടായിരുന്നവരുടെ സ്നേഹക്കൂട്ടായ്മയും എന്റെ ജീവിതത്തെ ഒരുപാട് സ്വാധീനിച്ചു. ഒരുവർഷത്തെ ഫോർമേഷൻ സമയം പരീക്ഷയും ഡ്യൂട്ടിയും ഇന്റേൺഷിപ്പുമായി കടന്നുപോയി. നഴ്സായ ഒരു ജീസസ് യൂത്തിനെ സംബന്ധിച്ച് ആതുരശുശ്രൂഷ ഏറ്റവും വലിയൊരു പ്രേഷിതവേലയാണെന്ന് മനസ്സിലായ സമയമായിരുന്നു അത്. പ്രാർഥനയോടും അഭിഷേകത്തോടും കൂടി ചെയ്യുന്ന ശുശ്രൂഷ രോഗിയെ സൗഖ്യത്തിലേക്കും ഈശോയിലേക്കും നയിക്കും എന്ന ബോധ്യമാണ് എനിക്ക് കിട്ടിയത്.

കേരളത്തിനു പുറത്തെ ഒരുമിഷൻ സ്ഥലത്തു പ്രവർത്തിക്കാൻ ആഗ്രഹിച്ച എനിക്ക് കേരളം തന്നെ വലിയ ഒരു മിഷൻ സ്ഥലമാണെന്ന് ഈശോ കാട്ടിത്തരികയായിരുന്നു. ഫോർമേഷൻ പിരിയഡിനുശേഷവും ഈശോ എന്നിലൂടെ ചെയ്ത കാര്യങ്ങൾക്ക് നന്ദി പറയുകയാണ്. അനുകൂലമായ കഴിവുകളൊന്നും ഇല്ലാതിരുന്നിട്ടും ഈശോയ്ക്കുവേണ്ടി പലയിടങ്ങളിലും യാത്ര ചെയ്ത് ഒട്ടേറെ നഴ്സുമാരെ കാണാനും സംസാരിക്കാനും സാധിച്ചു. മിഷൻ നഴ്സസിൽ പങ്കെടുത്ത് രണ്ടുവർഷത്തിനുശേഷം കേരളത്തിലെ ജീസസ് യൂത്ത് നഴ്സസ് മിനിസ്ട്രിക്ക് ഒരുപുതിയ ടീം രൂപീകരിക്കാൻ ദൈവം എന്നെ ഉപകരണമാക്കിയതും നന്ദിയോടെ ഓർക്കുന്നു. ആ നാളുകളിലെ ബോധ്യങ്ങളും കൃപകളും ഇന്നും ആത്മീയ യാത്രയിൽ ചൈതന്യമാകുകയാണ്.

*ലിൻഡ ലിഡിയ കെ.സി.*

## ജീവിതത്തിൽ പുതുവെളിച്ചം

മിഷൻ നഴ്സസ് പ്രോഗ്രാം എന്റെ ജീവിതത്തിൽ പുതുവെളിച്ചം പകർന്ന ഒരനുഭവമായിരുന്നു. എന്റെ കഴിവുകേടുകളിലേക്കും ഈശോ കടന്നുവന്ന അനുഭവം. ഹരിയാനയിലെ ഗുഡ്ഗാവ് ആയിരുന്നു, എനിക്കുകിട്ടിയ മിഷൻ സ്ഥലം. അറിയാത്ത ഭാഷ സംസാരിക്കുമ്പോഴും പരിചയമില്ലാത്തവരുമായി ഇടപെടുമ്പോഴുമെല്ലാം പരിശുദ്ധാത്മാവിന്റെ സാന്നിധ്യമാണ് എനിക്ക് അനുഭവപ്പെട്ടത്. ക്രിസ്തുവിനെ മാത്രം മുന്നിൽക്കണ്ടുകൊണ്ട് ദൈവരാജ്യപ്രവർത്തനങ്ങൾ നടത്തുന്ന ഒട്ടേറെ മുതിർന്നവരെയും പരിചയപ്പെടാൻ കഴിഞ്ഞു. വേദനകളെയും വിഷമങ്ങളെയും സന്തോഷത്തോടെ സ്വീകരിക്കാൻ ഈ മിഷൻ എന്നെ പഠിപ്പിച്ചു. അങ്ങനെ ആ ദിനങ്ങളേപ്പറ്റി ഓർക്കുമ്പോൾ ഈശോയോട് നന്ദി മാത്രമാണുള്ളത്.

*ദിവ്യ ഏബ്രഹാം*

## ഈശോയുടെ ഇഷ്ടമായിരുന്നു അത്

പഠിക്കുമ്പോൾ തന്നെ മിഷൻ നഴ്സസ് പ്രോഗ്രാമിന് പോകാൻ ആഗ്രഹമുണ്ടായിരുന്നു. എങ്കിലും മാതാപിതാക്കൾ സമ്മതിക്കുമായിരുന്നില്ല. ഞാൻ പോകണമെന്ന് ഈശോ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ സമ്മതിക്കും എന്ന ബോധ്യത്തോടുകൂടി പ്രാർഥന തുടർന്നു. അങ്ങനെ വിശ്വസിച്ചുള്ള പ്രാർഥനഫലംകണ്ടു. മിഷൻനഴ്സസിനു പോകാൻ അവർ സമ്മതം നൽകി. മാത്രമല്ല, എല്ലാവിധ പിന്തുണയും നൽകി. മാംഗ്ളൂർ ആയിരുന്നു എന്റെ കമ്മിറ്റ്മെന്റ്. ഞാൻ അവിടെ ചെയ്തതിലുപരി എനിക്ക് ദൈവം ചെയ്തുതന്ന കാര്യങ്ങളാണ് കൂടുതൽ പ്രധാനമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ വ്യക്തിപരമായ പ്രാർഥനയും ദിവ്യകാരുണ്യത്തോടുള്ള അടുപ്പവും കൂടുതൽ ആഴപ്പെട്ടു. ഈശോയോടുള്ള വ്യക്തിബന്ധം കൂടുതൽ ഹൃദ്യമാകുകയും ചെയ്തു. എല്ലാക്കാര്യത്തിലും ഈശോയുടെ ഇഷ്ടം മനസ്സിലാക്കി മുന്നോട്ടുപോകാനുള്ള പരിശീലനവുമായിരുന്നു അത്.

*ജൂഡി ജോർജ്*

**ഈ വർഷത്തെ മിഷൻ നഴ്സസ് ട്രെയിനിങ് ഒക്ടോബർ 18 മുതൽ നവംബർ 2 വരെ ആലുവ ആത്മദർശനിൽ നടക്കും.**



# വഴിയും വിളിയും

ജേക്കബ് കോച്ചേരി

## മാതാപിതാക്കളും ചിലതുപഠിക്കണം

ക്ലാസ്സെടുക്കുന്നതിനിടയിൽ വിദൂരത്തേക്ക് നോക്കിയിരിക്കുന്ന നിഖിലിനോട് നീരസത്തോടെ കാര്യമന്വേഷിച്ചു. അവന്റെ നിസംഗമനോഭാവം എന്നിൽ ഈർഷ്യത ഉളവാക്കി. പുറംകാഴ്ചകൾക്കാണെങ്കിൽ ക്ലാസ്സിലിരിക്കേണ്ടതില്ലെന്ന് പറഞ്ഞപ്പോൾ അവന്റെ കണ്ണുനിറഞ്ഞൊഴുകി.

ക്ലാസ്സ് കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ നിഖിലിന്റെ അടുത്തിരിക്കുന്ന വിദ്യാർഥി എന്റെയരുകിലെത്തി. "നിഖിലിന് ആകെ പ്രശ്നമാണ്. അവൻ വീട്ടിൽനിന്നിറങ്ങിയിട്ട് ഒരാഴ്ചയായി. അവന് ഒന്നും പഠിക്കാനാകുന്നില്ല".

ഉച്ചതിരിഞ്ഞൊരു സമയത്ത് നിഖിലിനെ അടുത്ത് വിളിച്ചിരുത്തി സംസാരിച്ചു. "എന്നെ യാർക്കും വേണ്ട സാർ, എന്റെ അച്ഛനും അമ്മയ്ക്കും എന്നെ വേണ്ട. അവർ വാ തുറക്കുന്നതുതന്നെ എന്നെ ചീത്ത പറയാനാണ്. വീട്ടിലെ ഒരുകാര്യത്തിനും എന്നോട് ചോദിക്കുന്നില്ല. ഒരു അന്യനോടെന്നപോലെയാണ് പെരുമാറുന്നത്. എന്നെ ചീത്ത പറഞ്ഞ ഒരു ദിവസം ഞാനും തിരിച്ച് അതേ രീതിയിൽ പറഞ്ഞു. 'വീട്ടിൽ നിന്ന് ഇറങ്ങാൻ' അച്ഛൻ പറഞ്ഞു. അനുസരിക്കാഞ്ഞപ്പോൾ അടിച്ചു. അന്ന് ഇറങ്ങിയതാണ് സാർ. ഇനി അങ്ങോട്ടില്ല".

ആ കൗമാരക്കാരന്റെ സങ്കടപ്പെരുമഴയ്ക്കു മുന്നിൽ ആദ്യം ഒന്നും പറയാനായില്ല. പിന്നീട് മാതാപിതാക്കൾ ഇത്രയുംനാൾ അവനുവേണ്ടി ഏറ്റെടുത്ത ത്യാഗത്തെക്കുറിച്ചും അവരുടെ പ്രതീക്ഷകളെക്കുറിച്ചും അവനെ ബോധ്യപ്പെടുത്തി. പിതാവിന്റെ ഭാഗത്തുനിർത്തി അവനെക്കൊണ്ട് ചിന്തിപ്പിച്ചപ്പോൾ ബോധ്യമായെന്നു തോന്നി.

അവനിലെ നന്മ കാണുന്ന ദൈവത്തെപ്പറ്റിയും പറഞ്ഞു. സങ്കടങ്ങളെല്ലാം പെയ്തൊഴിഞ്ഞപ്പോൾ വീട്ടിലേയ്ക്ക് തിരിച്ചുചെല്ലാമെന്നവൻ സമ്മതിച്ചു. മാതാപിതാക്കൾ അവന്റെ മുന്നിൽ അടിയറവ് പറയുന്നത് അവന്റെതന്നെ പരാജയമാണെന്ന് മനസ്സിലാക്കിയപ്പോൾ എല്ലാം ക്ഷമിക്കാൻ അവൻ പരിശ്രമിച്ചു.

പക്ഷേ, പിറ്റേദിവസം സങ്കടപ്പെട്ട മുഖത്തോടെയാണവൻ കാണപ്പെട്ടത്. തിരിച്ചുചെന്ന മകനെ സ്വീകരിച്ചില്ലെന്ന് മാത്രമല്ല, വീട്ടിൽ ഇരിക്കാൻ പോലും അവർ സമ്മതിച്ചില്ലത്രേ! കുറേനേരം മൗനമായി ഇരുന്നതിനുശേഷം അവനും തിരിച്ചടിച്ചു. സംഘർഷം പിന്നെയും വർധിച്ചു. ഇറങ്ങിപ്പോരുകയേ നിർവാഹമുള്ളൂ എന്ന് നിഖിൽ.

മാതാപിതാക്കളെ നേരിൽ കാണാൻ ചെന്നു. അവനെ കഷ്ടപ്പെട്ട് വളർത്തിയതിനെപ്പറ്റിയും ഈയിടെയായി അവൻ ഭയങ്കര ധിക്കാരിയാണെന്നും അവനെ ഈ വീട്ടിൽ കേറ്റില്ലെന്നും അവർ തീർത്തുപറഞ്ഞു. നിഖിലിന്റെ ജ്യേഷ്ഠനെക്കുറിച്ച് നല്ല അഭിപ്രായമാണവർക്ക്.

കൗമാരകാലങ്ങളിൽ കുട്ടികളിലുണ്ടാകുന്ന മാനസിക വൈകാരിക വ്യതിയാനത്തെക്കുറിച്ച് അവർ ബോധവാന്മാരല്ലയെന്ന് തോന്നി.

- എന്തിനെയും എതിർക്കുന്ന പ്രായം.
- മുതിർന്നവർ പറയുന്നത് സ്വീകരിക്കില്ല; എന്നാൽ സമപ്രായക്കാരെ ചോദ്യം ചെയ്യാതെ സ്വീകരിക്കും.
- സാഹസികപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.
- മറ്റുള്ളവരുടെ ശ്രദ്ധ തന്നിലേക്കാകർഷിക്കുവാനുള്ള പ്രവർത്തനങ്ങൾ.
- കാര്യകാരണസഹിതമുള്ള ചിന്ത; വ്യവസ്ഥാപിതങ്ങളെ ചോദ്യം ചെയ്യും.
- ലൈംഗികതയോടുള്ള പ്രതിപത്തി; എതിർവർഗത്തോടുള്ള ആകർഷണം.

ഇതിലേതെങ്കിലുമൊക്കെയുണ്ടാക്കുന്ന ഏറ്റക്കുറച്ചിലുകൾ ചില മാതാപിതാക്കളിൽ അസ്വസ്ഥത ജനിപ്പിക്കും, എന്നാൽ നല്ല സമീപനങ്ങൾ സ്വീകരിക്കുന്നപക്ഷം അവരെ തങ്ങളിലേയ്ക്ക് ചേർത്തുനിർത്താനാകും.

- മുതിർന്നവരായി അംഗീകരിക്കുക.
- പരിഗണന നൽകുക.
- കൂടുതൽ സംസാരിക്കുക, ഇഷ്ടപ്പെടുന്ന രീതിയിൽ പെരുമാറുക.
- അവരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും തിരിച്ചറിയുക; അതനുസരിച്ച് പെരുമാറുക.
- ചോദ്യം ചെയ്യാതിരിക്കുക, കാര്യങ്ങൾ കാര്യകാരണസഹിതം സാവധാനം ബോധ്യപ്പെടുത്തുക.
- പ്രശ്നങ്ങളിൽ ഇടപെടാനും പരിഹരിക്കാനുമുള്ള അവസരം നൽകുക.
- എതിർലിംഗക്കാരോട് ആരോഗ്യപരമായി ഇടപെടാൻ അവസരം നൽകുക

തുടങ്ങിയ സമീപനങ്ങൾ കൗമാരക്കാരനെ വളർത്താനും സംഘർഷരഹിതമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും സഹായിക്കും. കുടുംബം കുട്ടികളെ സംബന്ധിച്ച് ആശാകേന്ദ്രവും സ്നേഹത്തണലുമാകണം. മാറിയ സാമൂഹികപരിസരത്തിൽ മാതാപിതാക്കൾക്ക് കരുതലോടെയും മനഃശാസ്ത്രപരമായും കുട്ടികളെ കൈകാര്യം ചെയ്യാനാകണം. അല്ലെങ്കിൽ മനസുഖം തേടി അവർ മറ്റെവിടെയെങ്കിലും എത്തിച്ചേരും. തിരിച്ചുവരവിന്റെ പടവുകൾ നഷ്ടപ്പെടുത്തുന്ന യാത്രകൾ ■

ഡോ. സൂസി ജോസ്



# വികാരങ്ങൾക്കും വേണം വിവേകം

**1** പെട്ടെന്ന് കോപിക്കുന്ന പ്രകൃതമാണ് എന്റേത്. അതുകൊണ്ടാണോ എന്നറിയില്ല അധികമാരും എന്നോട് സൗഹൃദം സൂക്ഷിക്കുന്നില്ല. ഇതെന്നെ വല്ലാതെ വിഷമിപ്പിക്കുന്നു.

കോപം ഒരു സ്വാഭാവിക വികാരമാണ്. എന്നാൽ സമയോചിതമായി മാത്രം ആ വികാരത്തെ പ്രകടിപ്പിക്കാൻ വേണ്ട വിവേകം നമുക്ക് ഉണ്ടാകണം. *എഫേസോസ് 4:26* ഇങ്ങനെ പറയുന്നു: ***"കോപിക്കാം എന്നാൽ പാപം ചെയ്യരുത്".*** മറ്റുള്ളവരെ എന്നേയ്ക്കുമായി നമ്മളിൽനിന്ന് അകറ്റിനിർത്തുന്ന രീതിയിൽ കോപിക്കുകയോ അക്രമവാസന കാണിക്കുകയോ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക. വികാരങ്ങളുടെ ബാഹ്യപ്രകടനങ്ങൾ സന്തുലിതമായ മാനസികാവസ്ഥയ്ക്ക് ആവശ്യമാണ്. മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താതെ നമ്മുടെ വികാരങ്ങൾ പ്രകടിപ്പിക്കുക. അപ്പോൾ സൗഹൃദങ്ങൾക്ക് മുറിവേൽക്കുകയില്ല.

**2** പണം ചിലവഴിക്കുന്ന കാര്യത്തിൽ ധൂർത്ത് കാണിക്കുന്നു എന്നുപറഞ്ഞ് വീട്ടുകാർ എപ്പോഴും വഴക്കാണ്. കൂട്ടുകാരുമായിട്ട് ഒത്തുകൂടുമ്പോൾ എങ്ങനെയൊക്കെയോ പൈസ ചെലവഴിച്ചുപോകുന്നു.

മിതത്വം സ്വയം ആർജിച്ചെടുക്കേണ്ട ഒരു പുണ്യമാണ്. അത് പണം ചെലവഴിക്കുന്ന കാര്യത്തിൽ മാത്രമല്ല ജീവിതത്തിന്റെ എല്ലാതലത്തിലും പ്രായോഗികമായ വിജയത്തിന് അത്യാവശ്യം വേണ്ട ഒരു സ്വഭാവസവിശേഷതയാണ്. എന്നാൽ ലുബ്ധിക്കണമെന്നല്ല അതിനർഥം. സ്വത്തിന്റെ കാവൽക്കാരൻ മാത്രമാണ് നാം. മറ്റുള്ളവർക്കും കൂടി അവകാശപ്പെട്ട പണം ആഡംബരത്തിനും സൗഹൃദങ്ങൾ ദൃഢമാക്കാനുമായി കണക്കില്ലാതെ ചെലവഴിക്കുമ്പോൾ ദരിദ്രരായവരോട് നാം അനീതി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. പണം കണ്ടു മാത്രം ഒത്തുകൂടുന്ന സുഹൃത്തുക്കൾ ആപത്ഘട്ടങ്ങളിൽ നമ്മളെ തുണച്ചെന്നുവരില്ല. അതുകൊണ്ട് നീതിപൂർവമായി പ്രവർത്തിക്കാനുള്ള ശീലം വളർത്തിയെടുക്കുക.

**3** വീട്ടുകാർ എനിക്ക് വിവാഹം ആലോചിക്കുന്ന തിരക്കിലാണ്. എനിക്കാണെങ്കിൽ വീട്ടുകാരെ വിട്ടുപോകുന്ന കാര്യം ആലോചിക്കാനേ വയ്യ. കല്യാണം വേണ്ട എന്ന ചിന്തയാണെനിക്ക്. എന്തുപറഞ്ഞ് വീട്ടുകാരെ ബോധ്യപ്പെടുത്താനാവും?

സ്ത്രീയും പുരുഷനുമായി ദൈവം സൃഷ്ടിച്ച മനുഷ്യനെ സൃഷ്ടികർമത്തിൽ പങ്കാളികളാക്കുന്ന കൂദാശയാണല്ലോ വിവാഹം. മക്കൾ പ്രായപൂർത്തിയായാൽ മാതാപിതാക്കളിൽ നിന്നകന്ന് കുടുംബസ്ഥരാകേണ്ടതുണ്ട്. എല്ലാവരും വിവാഹജീവിതത്തിലേക്ക് വിളിക്കപ്പെടുന്നില്ല. ചിലരൊക്കെ ഒന്നുകിൽ സന്യസ്തജീവിതമോ, ഏകസ്ഥ ജീവിതമോ തിരഞ്ഞെടുക്കുന്നു. എന്നും മാതാപിതാക്കൾക്ക് നമ്മളെ സംരക്ഷിക്കാൻ ഈ ആരോഗ്യവും ധനസ്ഥിതിയും ഒന്നും കണ്ടെന്നുവരില്ല. വിവാഹമൊക്കെ കഴിഞ്ഞ് കുറേ ദിവസങ്ങൾ കഴിയുമ്പോൾ ഇപ്പോഴുള്ള ഭയവും സങ്കടവും, അസ്വസ്ഥതകളുമൊക്കെ മാറിക്കൊള്ളും. നമ്മൾ വിവാഹത്തോടെ എന്നേയ്ക്കും മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഉപേക്ഷിക്കുകയല്ലല്ലോ? വീട്ടുകാരുമായി കാര്യങ്ങൾതുറന്നുപറയുക. അവരുടെ നിർദേശങ്ങളും ഉപദേശങ്ങളും ഗൗരവമായെടുക്കുക. അനുയോജ്യമായ ജീവിതാന്തസ്സിലേക്ക് കടക്കുക.

**4** വലുതും ചെറുതുമായ പലകാര്യങ്ങൾക്കും നുണപറയുന്ന ശീലം ഉണ്ട്. എത്ര ശ്രമിച്ചിട്ടും അതിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുന്നില്ല.

കാര്യസാധ്യങ്ങൾക്കുവേണ്ടിയും പൊങ്ങച്ചം കാണിക്കാനുമൊക്കെ നുണപറയുമ്പോൾ പരസ്നേഹത്തിനും നീതിക്കും നിരക്കാത്ത രീതിയിലാണ് നമ്മുടെ പ്രവർത്തനങ്ങൾ. അത് പലപ്പോഴും തന്നെത്താൻ വഞ്ചിക്കുന്നതിന് കാരണമാകുന്നു. സ്വന്തം മനസ്സാക്ഷിക്ക് എതിരായി പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാൾക്ക് ഒരിക്കലും അപരനെയും വിശ്വസിക്കാനാവാതെ വരുന്നു. സത്യവും മിഥ്യയും വേർതിരിച്ചറിയാനുള്ള കഴിവും നഷ്ടമാകുന്നു. ഫലമോ ചെയ്യുന്ന കാര്യങ്ങളിലൊക്കെ പരാജയവും അപകർഷതാബോധവും. ജീവിതവിജയം കൈവരിക്കാൻ സാധിക്കാതെ വരും. അതുകൊണ്ട് നുണപറയുന്ന ശീലം ഒഴിവാക്കിയേ മതിയാവൂ. ശ്രമിച്ചു തുടങ്ങുക. പടിപടിയായി ഇത്തരം തഴക്കദോഷങ്ങൾ ഒഴിവാക്കാനാവും.

*സ്നേഹപൂർവം, സൂസിച്ചേച്ചി*



## വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

### ഷെഫീക്ക് എത്തിയത് മറ്റെവിടെ എങ്കിലുമായിരുന്നെങ്കിൽ!

'അഞ്ചു വയസ്സുള്ള ഒരു കുട്ടിയെ കാഷ്വാലിറ്റിയിൽ എത്തിച്ചിരിക്കുന്നു. കുട്ടി മരിച്ചുകൊണ്ടിരിക്കുന്നു. ഉടൻ വെന്റിലേറ്ററിൽ പ്രവേശിപ്പിക്കണമെന്നാണ് ന്യൂറോസർജൻ പറഞ്ഞത്. വിവരം കുട്ടിയുടെ മാതാപിതാക്കളെ അറിയിച്ചപ്പോൾ പണമില്ലെന്ന് അവർ പറഞ്ഞു. അവരുടെ ആവശ്യമനുസരിച്ച് കുട്ടിയെ കോട്ടയം മെഡിക്കൽ കോളജിലേക്കു റഫർ ചെയ്തു. കോട്ടയത്തിനു കൊണ്ടുപോയാൽ കുട്ടിക്കാനം എത്തുന്നതിനു മുൻപേ കുട്ടി മരിക്കും. ഉടനെ എന്തെങ്കിലും ചെയ്യണം', സിസ്റ്റർ അൽഫോൻസ ഒറ്റശ്വാസത്തിൽ പറഞ്ഞു. 'പണം പ്രശ്നമല്ല. ഡോക്ടറെ ഉടൻ തിരികെ വിളിച്ച് കുട്ടിയെ വെന്റിലേറ്ററിൽ പ്ര





വേശിപ്പിച്ച് ചികിത്സ നൽകുക', ഡയറക്ടർ ബ്രദർ ബൈജു വാലുപറമ്പിൽ നിർദേശം കൊടുത്തു (August 25, 2013, Kerala Sabdham weekly).

കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിൽ ഷെഫീക്ക് എന്ന അഞ്ചുവയസ്സുകാരനെയും കൊണ്ട് മാതാപിതാക്കളെന്നു പറയാൻ യാതൊരു യോഗ്യതയുമില്ലാത്ത രണ്ടു മനുഷ്യരൂപങ്ങൾ ചെന്നപ്പോൾ സംഭവിച്ച കാര്യമാണ് മുകളിൽ വിവരിച്ചത്. ഒരു നിർധന രോഗിക്ക്, അതും മരണത്തിന്റെ തൊട്ടടുത്തെത്തിയ ഒരാൾക്ക് മിനിട്ടുകൾക്കുള്ളിൽ ഏറ്റവും മികച്ച ചികിത്സ നൽകി മഹത്തായ ഒരു ധർമം നിർവഹിക്കുകയായിരുന്നു ഈ സ്വകാര്യ ആശുപത്രി. ഇതുവഴി ഒരാശുപത്രി എങ്ങനെയായിരിക്കണമെന്ന് ലോകം മുഴുവൻ മാതൃകയായി ഈ സ്ഥാപനം മാറിയിരിക്കുന്നു. യേശു വിഭാവനം ചെയ്ത ദൈവരാജ്യത്തിന്റെ പൂർണത നമുക്കിവിടെ കാണാം.

രോഗികളുടെ കൈയിൽ പണമില്ലാത്തതുകൊണ്ട് ചികിത്സ നിഷേധിക്കുന്ന ധാരാളം സ്വകാര്യ ആശുപത്രികൾ നമുക്കു ചുറ്റുമുണ്ട്. എന്നാൽ ഷെഫീക്കിന്റെ കേസിന് പിന്നീടുണ്ടായ മാധ്യമ ശ്രദ്ധയോ ജനപിന്തുണയോ ഒന്നും ഉണ്ടാകുന്നതിനു മുൻപു തന്നെ പരമാവധി ചികിത്സ നൽകാൻ ആശുപത്രി അധികൃതർ പരിശ്രമിച്ചു. മാത്രമല്ല, മൂന്നാംഘട്ടത്തിലുള്ള ന്യൂറോ റീഹാബിലിറ്റേഷൻ ചികിത്സയ്ക്ക് വെല്ലൂർവരെ ആശുപത്രി അധികൃതരുടെ ഉത്തരവാദിത്വത്തിൽ എത്തിക്കാനും അവർ മുന്നിട്ടിറങ്ങി.

അത്യാസന്നനിലയിലുള്ള ഏതൊരു രോഗിക്കും ആദ്യമണിക്കൂറിൽ കിട്ടുന്ന ചികിത്സയ്ക്കനുസരിച്ചാണ് രോഗത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പ്. ഡൽഹിയിലെ പെൺകുട്ടിക്ക് ആദ്യ മണിക്കൂറിൽ ചികിത്സ ലഭിക്കാത്തതുകൊണ്ടാണ് സിംഗപ്പൂരിൽ വരെ കൊണ്ടുപോയിട്ടും രക്ഷപെടാൻ കഴിയാതെ വന്നത്. ഷെഫീക്കിന് സെന്റ് ജോൺസ് ആശുപത്രിയിലെ സിസ്റ്റർ അൽഫോൻസയുടെ സമയോചിതമായ ഇടപെടൽ വഴി വേണ്ട ചികിത്സ ലഭിക്കുകയും ചെയ്തു. പിന്നീട് വാർത്താപ്രാധാന്യം കിട്ടിയതോടെ ലക്ഷക്കണക്കിനു വ്യക്തികളുടെ പ്രാർഥനയും ലഭിച്ചു. ഷെഫീക്കിനുവേണ്ടി മാത്രം പതിനാറു നഴ്സുമാരെ ആശുപത്രി അധികൃതർ നിയമിച്ചുവെന്നതാണ് എടുത്തു പറയേണ്ടകാര്യം. അവർ കണ്ണിമവെട്ടാതെ ഷിഫ്റ്റടിസ്ഥാനത്തിൽ രാപകൽ ശുശ്രൂഷിച്ചു.

സെന്റ് ജോൺ ഓഫ് ഗോഡ് എന്ന സന്യാസ സമൂഹത്തിലെ ബ്രദർ ഫോർത്തുനാത്തൂസ് എന്ന ജർമൻ സന്യാസിയാണ് കട്ടപ്പനയിൽ സെന്റ് ജോൺസ് ഹോസ്പിറ്റൽ സ്ഥാപിച്ചത്. യാതൊരുവിധ ജീവിത സാഹചര്യങ്ങളുമില്ലാത്ത കാലത്ത് പകർച്ചവ്യാധികൾ വന്ന് മരിച്ചുവീഴുന്ന പാവങ്ങളുടെ കഷ്ടപ്പാടുകൾക്ക് അറുതി വരുത്താൻ 1969-ൽ ആരംഭിച്ചതാണ് കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റൽ. പണത്തിനുവേണ്ടി രോഗികളെ ഞെക്കിപ്പിഴിയുന്ന ഒരു കാലഘട്ടത്തിൽ സ്വകാര്യ ആശുപത്രികൾക്ക് ഉത്തമമാതൃകയായി ഈ സ്ഥാപനം വിരാജിക്കുന്നു. ഷെഫീക്ക് സംഭവം വഴി ചികിത്സാമേഖലയിൽ മഹത്വമണിഞ്ഞ ഈ സ്ഥാപനം രാജ്യമെങ്ങും യേശുവിന്റെ സ്നേഹമാണു വിളംബരം ചെയ്തത്. സരിത എസ്. നായർ, ശാലു മേനോൻ എന്നിങ്ങനെ രണ്ടു സുന്ദരികളുടെ പിന്നാലെ സർവസന്നാഹങ്ങളുമായി ഓടി നടക്കുന്ന മാധ്യമപ്രവർത്തകർക്ക് ഇത്തരം മഹത്തായ സേവ

നരംഗങ്ങളൊന്നും പകർത്താൻ സമയമില്ല. സേവനത്തിനു യാതൊരു പ്രതിഫലവും കിട്ടില്ലെന്നറിഞ്ഞിട്ടും ഉറക്കമിളച്ചിരുന്ന് ഏറെക്കുറെ മരിച്ച ഒരാളെ ജീവനിലേക്കു നയിച്ച കഥകൾക്കൊന്നും ഇക്കിളി പകരാൻ കഴിയുകയുമില്ല. 'ഇക്കിളി ഭ്രാന്തൻമാർ' പടച്ചുവിടുന്ന ചപ്പടാച്ചി കഥകൾക്ക് അൽപായുസ്സേ ഉണ്ടാവുകയുള്ളുതാനും. സത്യസന്ധതയുള്ളവർ ഒരു കാറ്റിനെയും ഭയപ്പെടുകയില്ല. തായ്‌വേരു ശക്തമെങ്കിൽ ശിരസ്സുയർത്തി നിൽക്കുക തന്നെ ചെയ്യും. ചിലപ്പോൾ കുറച്ച് ഇലകളും ഏതാനും കമ്പുകളും വീണുപോയേക്കാം, അത്രമാത്രം. കട്ടപ്പന സെന്റ് ജോൺസ് ആശുപത്രി അധികൃതർക്കും ജീവനക്കാർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി! നന്ദി!!

## ഗാന്ധിജിയും നെഹ്റുവുമാര്? ഇന്നത്തെ നേതാക്കളാര്?



ഏതാനും നാളുകൾ കേരളത്തെ മുൾമുനയിൽ നിർത്തിയ സെക്രട്ടറിയേറ്റ് ഉപരോധ സമരം പെട്ടന്നവസാനിച്ചു. ഏറ്റവും നഷ്ടം വന്നത് രണ്ടാഴ്ചത്തെ വാർത്താപരിപാടികൾ കുശാലാക്കാൻ സർവകോപ്പുകളുമായി വന്ന മാധ്യമപടയ്ക്കാണ്. എന്തായിരുന്നു ആ ദിനങ്ങളിൽ ചാനലുകളിലെ മേളം! ജനാധിപത്യമില്ലാത്ത ചില രാജ്യങ്ങളിൽ അടുത്ത കാലത്തു നടന്ന ഭരണസിരാകേന്ദ്രം പിടിച്ചെടുക്കൽ സമരം, എന്തു തോന്ന്യാസവും ചെയ്യാൻ പൂർണസ്വാതന്ത്ര്യമുള്ള ഭാരതത്തിൽ പരീക്ഷിച്ചുകളയാമെന്നുള്ള ഏതോ ബുദ്ധിജീവിയുടെ തലയിൽ ഉദിച്ചുയർന്ന 'സമാനതകളില്ലാ'ത്ത തീരുമാനം!

സമരനേതാക്കൾ ഇനിയും മനസ്സിലാക്കേണ്ട ചിലകാര്യങ്ങൾ: തങ്ങൾ സുരക്ഷിതരായി സ്വാതന്ത്ര്യത്തോടെ ജീവിക്കുന്ന സ്ഥലത്തേക്ക് പാർട്ടിക്കാരായാലും വേറെയാരാണെങ്കിലും ശരി ഒന്നോ രണ്ടോ ദിവസത്തിൽ കൂടുതൽ ചെലവഴിക്കുന്നത് വീട്ടമ്മമാരും കുട്ടികളും സഹിക്കുകയില്ല. തങ്ങൾ ഉപയോഗിക്കുന്ന കക്കൂസ്, കുളിമുറി, ശയ്യാസ്ഥലം എന്നിവ ഒന്നോ രണ്ടോ ദിവസത്തിൽ കൂടുതൽ യാതൊരു പരിചയവുമില്ലാത്തവർ കൈകാര്യം ചെയ്യുന്നത് ഭവനാംഗങ്ങൾ ഇഷ്ടപ്പെടുകയില്ല. അല്ലെങ്കിൽ അത്രമാത്രം തക്കതായ കാരണമുണ്ടായിരിക്കണം. തങ്ങൾ സഞ്ചരിക്കുന്ന റോഡുകൾ എവിടുന്നോ വന്നവർ തിങ്ങിനിറയുമ്പോൾ തങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നത് ആരും സമ്മതിക്കുകയില്ല. തങ്ങളുടെ താമസ സ്ഥലത്തിനടുത്ത് പട്ടാളവും പോലീസും സമരക്കാരും ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നത് ജനങ്ങൾ അത്യധികം വെറുക്കുന്ന കാര്യമാണ്. വന്നുചേരുന്നവർ സഹനസമരത്തിനു യോജിച്ചവരാണോയെന്നത് നേതാക്കൾ ചിന്തിക്കേണ്ടതുണ്ട്. ഒന്നോ രണ്ടോ ദിവസം അടങ്ങിയിരിക്കുമായിരിക്കും. പിന്നെ ഒന്നും നടക്കില്ലെന്നു കണ്ടാൽ നേതാക്കളെ വരെ തിന്നാൻ, ആവേശം കൊണ്ട ഒരു ജനതതി തയ്യാറായെന്നു വരാം. ദശകങ്ങളോളം സഹനസമരം നടത്തിയ ഗാന്ധിജിയും നെഹ്റുവുമൊക്കെ ആര്? ഒരു നേരം ഉപവാസംപോലും എടുക്കാൻ കഴിയാത്ത ഇന്നത്തെ നേതാക്കൾ ആര്? ജനലക്ഷങ്ങളെ വിളിപ്പുറത്തു നിർത്തണമെങ്കിൽ തപസ്സിലൂടെ നേടിയ ധാർമികശക്തി കൈവശം വേണം.

ഏതാനും ചാനലുകളിലെ പക്വതയെത്താത്ത വിരലിലെണ്ണാൻ കഴിയുന്ന ചെറുപ്പക്കാരല്ല രാജ്യം ഭരണം നടത്തേണ്ടതെന്ന് ബുദ്ധിയുള്ളവർ ഇനിയും പഠിക്കട്ടെ. രണ്ടു സൗന്ദര്യധാമങ്ങളെ തട്ടിപ്പുനടത്തിയതിന് പോലീസ് സ്റ്റേഷനിലും കോടതിയിലും കയറ്റിയിറക്കുന്നതു കാണാനിഷ്ടപ്പെടുന്നവർ ഇവിടെ അധികം പേരൊന്നുമില്ല. അതുമാത്രം ഉത്സവമാക്കുന്നവർ കാണേണ്ട ചില കാര്യങ്ങൾ കാണാതെ പോകുന്ന നിരവധി സംഭവങ്ങളുണ്ട്. കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും ജീവിതം വഴിമുട്ടിയ അനേകായിരങ്ങൾ കേരളത്തിലുണ്ട്. അവരുടെ കണ്ണീരൊപ്പാനാണ് ഇത്രയും മികച്ച സംഘാടക കഴിവെങ്കിൽ അവിടെയായിരുന്നു ജനാധിപത്യം വിജയിക്കുമായിരുന്നത്. ഇടുക്കിയിലും വയനാട്ടിലും അട്ടപ്പാടിയിലും കുട്ടനാട്ടിലും തീരപ്രദേശത്തും വളരെയധികം കഷ്ടപ്പെടുന്ന പതിനായിരങ്ങൾ ആശ്വാസത്തിനായി കേഴുന്നു. സമൂഹത്തിൽ ഏറ്റവും അവശരായവരെ ഉയിർത്തെഴുന്നേല്പിക്കലാണ് യഥാർഥ രാഷ്ട്രീയ പ്രവർത്തനം. അല്ലാതെ, കള്ളന്മാരുടെയും കള്ളനു കഞ്ഞി വച്ചവരുടെയും പുറകേ നടക്കലല്ല.

ഇതൊരനാവശ്യസമരമെന്നു കരുതിയ ആയിരങ്ങൾ കേരളത്തിലുണ്ടായിരുന്നു. സമരം പെട്ടെന്നു തീരാൻവേണ്ടി കുർബാന കണ്ടു കാഴ്ചവച്ചവരെ കാണാനിടയായി. ഒരു സന്യാസസഭ ഒന്നടങ്കം രാപകൽ ദിവ്യകാരുണ്യത്തിന്റെ മുൻപിലിരുന്നു പ്രാർഥിച്ചതും അറിയാൻ കഴിഞ്ഞു.

ഭരണപക്ഷത്തോട് ഒരഭ്യർഥന: ഗ്രൂപ്പുകളിച്ചും വിവാദപ്രസ്താവനകൾ നടത്തിയും ജനങ്ങളുടെ ക്ഷമയെ ഇനിയും പരീക്ഷിക്കരുത്. അധികാരസ്ഥാനങ്ങളുടെ വീതംവയ്പല്ല, ഭരണമാണ് ജനങ്ങൾക്കാവശ്യം. നിങ്ങൾ തമ്മിൽത്തമ്മിൽ പകപോക്കാനിറങ്ങിയാൽ ജനം നിങ്ങളോടും പകപോക്കും; ഇതു മറക്കരുത് ■



## കലപില

അരുൺ ആന്റണി

# 101 ചോദ്യങ്ങൾ

ദേശീയ അവാർഡ് കരസ്ഥമാക്കിയ സിദ്ധാർഥ് ശിവയുടെ '101 ചോദ്യങ്ങൾ' പ്രദർശനത്തിനെത്തി. മികച്ച പുതുമുഖ സംവിധായകനും ബാലതാരത്തിനുള്ള ദേശീയ പുരസ്കാരവും സ്വന്തമാക്കി ശ്രദ്ധ ആകർഷിച്ച ചിത്രമാണിത്. മുകുന്ദൻ എന്ന അധ്യാപകന്റെ നിർദേശമനുസരിച്ച് ഒരു പൊതുവിജ്ഞാന പുസ്തകത്തിലേക്കായി 101 ചോദ്യങ്ങൾ കണ്ടെത്തുന്ന അനിൽ എന്ന കുട്ടിയാണ് ഈ സിനിമയിലെ പ്രധാന കഥാപാത്രം. കാണികളെ ആഴത്തിൽ ചിന്തിപ്പിക്കുന്ന 101 ചോദ്യങ്ങളാണ് അനിലിലൂടെ സിദ്ധാർഥ് ശിവ വരച്ചുകാട്ടുന്നത്. മികച്ച കാസ്റ്റിങ്ങും തെളിവാർന്ന അഭിനയവും ഈ സിനിമയെ സുന്ദരമാക്കുന്നു.


മലയാള സിനിമയുടെ പതിവുനടത്തത്തിൽ നിന്ന് വ്യതിചലിച്ച് ഒരു മികച്ച കലാസിനിമയെ സൃഷ്ടിച്ച സിദ്ധാർഥ് ശിവയ്ക്ക് അഭിനന്ദനങ്ങൾ! വിദ്യാർഥികളും, വിദ്യാർഥികളെ സ്നേഹിക്കുന്ന അധ്യാപകരും രക്ഷിതാക്കളും ഒരുപോലെ കണ്ടിരിക്കേണ്ട ഈ ചിത്രത്തിൽ അനിൽ എന്ന വിദ്യാർഥിയായി അഭിനയിക്കുന്നത് മാസ്റ്റർ മിനോൺ ആണ്. വാണിജ്യ സിനിമയുടെ തള്ളിക്കയറ്റത്തിൽ ഈ മികച്ച ചിത്രം തള്ളപ്പെട്ടു പോകാതിരിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.




# സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും...

വിശ്വാസവർഷത്തിൽ ഇരിഞ്ഞാലക്കുട ജീസസ് യൂത്ത് അണിയിച്ചൊരുക്കിയ വിശ്വാസപ്രമാണത്തിന്റെ സുന്ദരമായ ദൃശ്യാവിഷ്കാരം അഭിനന്ദനമർഹിക്കുന്നു. വിവിധ കർമ്മമണ്ടലങ്ങളിലുള്ള പത്തോളം യുവജനങ്ങളും വൈദികനും ചേർന്ന് സഭാസമൂഹത്തിന്റെ പ്രതീകമായി വിശ്വാസപ്രമാണം ഏറ്റുപറയുന്നതാണ് 80 സെക്കൻഡ് ദൈർഘ്യമുള്ള ഈ ഹ്രസ്വചിത്രത്തിന്റെ ആകർഷണം. ജോയേൽ, ഷാരോൺ, ബെൻസൺ, സോണൽ എന്നിവരാണ് ഈ ഹ്രസ്വചിത്രത്തിന്റെ അണിയറയിൽ പ്രവർത്തിച്ചത്. ഈ ഹ്രസ്വചിത്രം 'creed malayalam' എന്ന പേരിൽ യു-ട്യൂബിൽ കാണാം.













ക്യാംപസ് വിദ്യാർഥികൾക്കായി ജീസസ് യൂത്ത് ഒരുക്കിയ 'യൂ' പ്രോഗ്രാമിൽ നിന്ന്.
അങ്കമാലി വിശ്വജ്യോതി പബ്ളിക് സ്കൂളിൽ നടന്ന പ്രോഗ്രാമിൽ
കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 750-ഓളം പേർ പങ്കെടുത്തു.

KAIROS RNI No. KERMAL/2002/12027. Postal Reg No. EKM/734/2013-15. Date of publication: 27 Aug 2013. ₹15.00.

# THE SPIRIT OF YOUTH




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Ernakulam-682041. Ph. 9847900555. Place of publication Kairos, Emmaus, HMT Colony P.O Ernakulam-683503. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686512